©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി VI**
# (SUBJECT COMMITTEE VI)

**വിദ്യാഭ്യാസം**
# (EDUCATION)

**ആനുകാലിക റിപ്പോർട്ട്**
**(2022 മാർച്ച് 31 വരെയുള്ളത്)**
## (PERIODICAL REPORT AS ON 31ST MARCH 2022)

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2022 ജൂലൈ 12-ാം തീയതി സമർപ്പിച്ചത്**
**(Presented on 12th July, 2022)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം
# (EDUCATION)

**ആനുകാലിക റിപ്പോർട്ട്**

(2022 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

962/2022.

# ഉള്ളടക്കം

*പേജ്*

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 66 |

# സബ്ജക്ട് കമ്മിറ്റി VI

**(വിദ്യാഭ്യാസം)**

(2021-2023)

**ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി.

ഏക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധന-സാംസ്കാരിക-യുവജനക്ഷേമ വകുപ്പുമന്ത്രി.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ ചാർജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

2021 ജൂൺ 7-ന് രൂപീകൃതമായ 2021-2023 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ബില്ലിന്റെ പരിഗണനയ്ക്കും 6 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനുമായി ചേർന്നവ ആയിരുന്നു. യോഗത്തിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 73 ശതമാനമായിരുന്നു.

ഏഴ് അധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

അധ്യായം I — സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

അധ്യായം II — സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ.

അധ്യായം III — സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ.

അധ്യായം IV — നിയമസഭാ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ.

അധ്യായം V — നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

അധ്യായം VI — a. 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ.

അധ്യായം VII — സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2021 ജൂൺ 7-ാം തീയതി രൂപീകൃതമായ ഈ സമിതി 2022 ജൂലൈ 7-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ശിവൻകുട്ടി,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,

2022 ജൂലൈ 7.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ചുവടെ ചേർക്കുന്ന പ്രകാരം 7 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22) 1-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 22-7-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 1-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 26-7-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 1-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 26-7-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 25-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 25-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 1-11-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

7. 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 28-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 1-11-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

962/2022.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 25-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 25-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 1-11-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 28-10-2021-ലെ സമിതിയോഗം അംഗീകരിക്കുകയും 1-11-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ

### കരട് ചട്ടങ്ങൾ

1. Kerala Collegiate Education Service (Amendment) Special Rules, 2021 26-7-2021-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

   (ഫയൽ നം. 7305/സബ്.സി.ഇ 1/2021/നി.സെ.)

2. Kerala Education (Amendment) Rules, 2021 24-11-2021-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

   (ഫയൽ നം. 4184/സബ്.സി.ഇ 1/2021/നി.സെ.)

3. 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ചട്ടങ്ങൾ 14-3-2022-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

   (ഫയൽ നം. 316/സബ്.സി.ഇ 1/2015/നി.സെ.)

എസ്.ആർ.ഒ.-കൾ

SRO No. 18/2021-The Kerala Right of Children to Free and Compulsory Education (Amendment) Rules, 2021 24-11-2021-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നം. 2332/സബ്.സി.ഇ 1/2021/നി.സെ.)

അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235 എ പ്രകാരം 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ യോഗം ചേർന്നില്ല.

അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(ധനാഭ്യർത്ഥന നമ്പർ XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം)

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2019-20 | XVII | ഉന്നത വിദ്യാഭ്യാസം | 16-3-2022 |
| 2 | 2020-21 | XVII | ഉന്നത വിദ്യാഭ്യാസം | 16-3-2022 |
| 3 | 2020-21 | XVII | ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) | 12-8-2021 |
| 4 | 2020-21 | XVII | പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പ് | 12-8-2021 |
| 5 | 2019-20 | XVII | പൊതുവിദ്യാഭ്യാസ വകുപ്പ് | 3-11-2021 |
| 6 | 2018-19 | XVII | കായിക യുവജനകാര്യ വകുപ്പ് | 3-11-2021 |

## അദ്ധ്യായം VI

(a) 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| റിപ്പോർട്ട് | ആകെ ശിപാർശകൾ | മറുപടി ലഭിച്ച ഖണ്ഡികകളും വകുപ്പും | സമിതിയിൽ സമർപ്പിച്ച ഖണ്ഡികകൾ | മറുപടി ലഭിക്കാനുള്ള ഖണ്ഡികകൾ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22) [ഫയൽ നം. 12380/സബ്.സി. ഇ 1/2021/ നി.സെ.] | 140 | 33, 34, 35, 36, 37, 38, 39, 40, 49, 51, 54, 55, 56, 57, 68, 71 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)<br><br>74, 75, 76, 77 (കായിക യുവജനകാര്യ വകുപ്പ്)<br><br>69, 70, 71 (പൊതുമരാമത്ത് വകുപ്പ്) | ഇല്ല | 1 - 32<br><br>41 - 48, 50, 52, 53, 58-67<br><br>72, 73, 78 - 84<br><br>85 - 140 | പൊതുവിദ്യാഭ്യാസം<br><br>ഉന്നതവിദ്യാഭ്യാസം<br><br>കായിക യുവജനകാര്യം<br><br>സാംസ്കാരിക കാര്യം |

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)

(ഫയൽ നം. 1806/സബ്.സി. ഇ 1/2020/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ 24)**

2202-03-001-87—വിവരസാങ്കേതികവിദ്യയുടെ ആധുനികവൽക്കരണം

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ കോളേജുകളിലെയും കോഴ്സുകൾ സർവ്വകലാശാല സിലബസിന് അനുസൃതമായി സുതാര്യവും ലളിതവുമായി വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിനും ആയത് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനും വകുപ്പിന് ഇ-ലേർണിംഗ് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിന് അധികതുക ആവശ്യമായതിനാൽ 6.22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2202-03-001-87 ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 448 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോളേജുകളിൽ ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള ഇന്റർനെറ്റ് കണക്ഷനുകളും കമ്പ്യൂട്ടറുകളും നൽകിയിട്ടുണ്ട്. ടി ശീർഷകത്തിൽ അധികതുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 25)**

2202-03-001-99-06—കോളേജ് വിദ്യാഭ്യാസ ഡയറക്ടറാഫീസ് - വാടക, കരം, നികുതി

നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ കോളേജുകളുടെ ഒരു മാസ വാടക നൽകുന്നതിന് പോലും പര്യാപ്തമല്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 9.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2202-03-001-99-06 (നോൺ പ്ലാൻ)—ശീർഷകത്തിൽ G. O. (Rt.) No. 5170/2020/ Fin. dated 9-9-2020 നമ്പർ ഉത്തരവ് പ്രകാരം അധിക ധനാഭ്യർത്ഥന വഴി 1,44,000 രൂപ

അധികമായി അനുവദിച്ചു. കൂടാതെ സർക്കാർ കോളേജുകളുടെ വാടക നൽകുന്നതിനായി 2202-03-103-99-06 (നോൺ പ്ലാൻ) ശീർഷകത്തിൽ 20 ലക്ഷം രൂപ G. O. (Rt.) No. 4428/2020/Fin. dated 2-8-2020 പ്രകാരവും അധികമായി അനുവദിച്ചു.

[സർക്കാർ കത്ത് നം. എഫ്2/143/2020/ഉ.വി.വ. തീയതി 15-4-2021; 1-7-2021-ലെ സമിതി യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 26)**

2202-03-102-99—കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനം, അദ്ധ്യാപകർക്കും ലൈബ്രറി ജീവനക്കാർക്കും 2016-ലെ യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കൽ, ജീവനക്കാരുടെ ഉദ്യോഗക്കയറ്റം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 103.1505 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചിരുന്നു. ഈ ഇനത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 27)**

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നാക് അക്രെഡിറ്റേഷന് മുന്നോടിയായി പല വികസന പദ്ധതികളും പൂർത്തീകരിക്കുന്നതിനും സർവ്വകലാശാല കണ്ടിജൻസി ഫണ്ടിലേക്ക് 14.04 കോടി രൂപ തിരിച്ചടയ്ക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് കർശന നിർദ്ദേശം നൽകിയിരിക്കുന്നതിനാലും പദ്ധതിയിനത്തിൽ 17.040183 കോടി രൂപയും ശമ്പളം, പെൻഷൻ, മറ്റ് അലവൻസുകൾ, യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിനും സർക്കാർ നടപ്പിലാക്കിയ കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 74.3410 കോടി രൂപ പദ്ധതിയേതരയിനത്തിലും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതിയിനത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടില്ലാത്തതിനാൽ അധിക വിഹിതം അനുവദിക്കേണ്ട സാഹചര്യമുണ്ടായില്ല. പദ്ധതിയേതരയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചിരുന്നു. ഈയിനത്തിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 28)

2202-03-102-97—<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 78 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചിരുന്നു. ഈയിനത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 29)

2202-03-102-93— <u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമായി പദ്ധതിയിനത്തിൽ 14.95 കോടി രൂപയും ശമ്പള ഇനത്തിലും പെൻഷൻ ഇനത്തിലുമുള്ള ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 69.5192 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടില്ലാത്തതിനാൽ അധിക വിഹിതം അനുവദിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല. പദ്ധതിയേതരയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചിരുന്നു. ഈയിനത്തിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 30)

2202-03-102-92—<u>കണ്ണൂർ സർവ്വകലാശാല</u>

31— <u>സഹായധനം-ശമ്പളം</u>

യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണം പ്രായോഗികമാകുന്നതോടെ അദ്ധ്യാപകരുടെ ശമ്പളത്തിലുണ്ടാകുന്ന വർദ്ധനവിനും അദ്ധ്യാപക തസ്തികയിലുണ്ടാകുന്ന നിയമനം നടത്തുന്നതിനും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ചേർത്ത് പദ്ധതിയേതര യിനത്തിൽ 12.4265 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—<u>സഹായധനം-ശമ്പളേതരം</u>

തുടങ്ങിവച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് തുക അപര്യാപ്തമായതിനാൽ 4.45 കോടി രൂപ പദ്ധയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതിയിനത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടില്ലാത്തതിനാൽ അധിക വിഹിതം അനുവദിക്കേണ്ട സാഹചര്യമുണ്ടായില്ല. പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചിരുന്നു. ഈയിനത്തിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 31)**

2202-03-102-77—<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)</u>

പദ്ധതികൾ പൂർത്തീകരിക്കുവാൻ വേണ്ടി പദ്ധതിയിനത്തിൽ 5.99 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതി ഇനത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടില്ലാത്തതിനാൽ അധിക ധനസഹായം അനുവദിക്കേണ്ട സാഹചര്യമുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 32)**

2202-03-102-72—<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല</u>

ഭൂമി ഏറ്റെടുക്കുന്നതിന്, കെട്ടിടങ്ങളുടെ നിർമ്മാണം, ഭൗതിക സൗകര്യ വികസനം, അക്കാദമിക് പ്രവർത്തനങ്ങൾ, മാനവിക വികസനം, ഭാഷാസാഹിത്യ വ്യാപനം, ഭരണപരമായ ആധുനീകരണം, തുടർന്ന് വരുന്ന പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 59.44 കോടി രൂപയും അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും അദ്ധ്യാപകരുടെ ശമ്പള അലവൻസുകൾ യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട്, പങ്കാളിത്ത പെൻഷൻ വിഹിതം, സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നതിനാൽ അതിനനുസരിച്ച തസ്തികകളിലെ നിയമനം നടത്തുന്നതിനും, അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം/അലവൻസ് എന്നിവ

നൽകുന്നതിനും കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും വാടക ഇനത്തിലും ഇന്ധനത്തിനും യാത്രാബത്ത, മീറ്റിംഗ് ചെലവ്, വൈദ്യുതി, ടെലിഫോൺ, ഇന്റർനെറ്റ്, വാർഷിക മെയിന്റനൻസ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 7.9108 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

17-8-2020-ലെ സ.ഉ. (സാധാ.) നമ്പർ 1031/2020/ഉ.വി.വ. പ്രകാരം 7.64 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. 6-3-2021-ലെ സ.ഉ. (സാധാ.) നം. 421/2021/ഉ.വി.വ. പ്രകാരം 65 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയ്ക്ക് പുറമേ അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നം. ബി1/175/2021/ഉ.വി.വ. തീയതി 10-8-2021; 24-11-2021-ലെ സമിതി യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 33)**

2202-03-103-99-04-4—ആർട്സും സയൻസും കോളേജുകൾ - യാത്രാച്ചെലവുകൾ- അവധിയാത്രാ ആനുകൂല്യം

അവധിയാത്ര ആനുകൂല്യത്തിന് അർഹരായവരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് കാരണം നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 3.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 6 മാസത്തെ വൈദ്യുത ചാർജ് പോലും ഒടുക്കുന്നതിന് തികയാത്ത സാഹചര്യത്തിൽ പദ്ധതിയേതരയിനത്തിൽ 61.4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34-3—മറ്റു ചെലവുകൾ - മറ്റിനം

നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ തുച്ഛമായ കോളേജ് പി.ടി.എ. ഫണ്ടിൽ നിന്നാണ് മറ്റിനങ്ങൾക്കുള്ള തുക പലപ്പോഴും

കണ്ടെത്തേണ്ടിവരുന്നത്. ആകയാൽ പദ്ധതിയേതരയിനത്തിൽ 11.6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അവധിയാത്രാ ആനുകൂല്യം ഇനത്തിൽ കോവിഡ്-19 രോഗവ്യാപനവും ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കാരണവും പുതിയ അപേക്ഷകൾ ലഭിക്കാത്ത സാഹചര്യത്തിൽ അധികതുക ആവശ്യമില്ല.

കോവിഡ്-19 രോഗവ്യാപനം കാരണം കോളേജുകൾ അടഞ്ഞുകിടന്നതിനാൽ വൈദ്യുതി ഇനത്തിൽ ചെലവ് താരതമ്യേന കുറവായിരുന്നു. ധനപുനഃവിനിയോഗം വഴി ടി ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികം കണ്ടെത്തിയിട്ടുണ്ട്. അതിനാൽ അധികതുക ആവശ്യമില്ല. 11.6 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. ടി തുക അനുവദിക്കുന്നപക്ഷം ധനപുനഃവിനിയോഗം വഴി ക്രമീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 34)**

2202-03-103-98-01-4—<u>സംസ്കൃത കോളേജുകൾ - ശമ്പളം -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

നിലവിൽ സർക്കാർ ഉത്തരവ് പ്രകാരം 12 ലക്ഷം രൂപ പ്രസ്തുത ഇനത്തിൽ അനുവദിച്ചുത്തരവായിരുന്നുവെങ്കിലും ടി ശീർഷകത്തിൽ തുക ഇല്ലാത്തതിനാൽ നൽകിയിട്ടില്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 12.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അധിക ധനാഭ്യർത്ഥന വഴി G.O.(Rt.)No.3611/ 2020/Fin. Dated 15-6-2020 നമ്പർ ഉത്തരവ് പ്രകാരം 7,00,000 രൂപ (ഏഴ് ലക്ഷം രൂപ) അധികമായി അനുവദിച്ചു. നടപ്പ് സാമ്പത്തിക വർഷം മറ്റ് അപേക്ഷകൾ ഇല്ലാത്തതുകൊണ്ട് ശിപാർശ ചെയ്തതിൽ ബാക്കി 5.70 ലക്ഷം രൂപ ആവശ്യമില്ല.

[സർക്കാർ കത്ത് നം. എഫ്2/143/2021/ഉ.വി.വ. തീയതി 15-4-2021; 1-7-2021-ലെ സമിതി യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 35, 36, 38)**

2202-03-103-90—<u>എറണാകുളം ലോ കോളേജ്</u>

02-5—<u>വേതനം-ദിവസ വേതനം</u>

04-1 —യാത്രാചെലവുകൾ - യാത്രാബത്ത

05-1— ഓഫീസ് ചെലവുകൾ - വെള്ളക്കരം

2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ ദിവസ വേതനം, യാത്രാച്ചെലവുകൾ, വെള്ളക്കരം, വൈദ്യുതി ചെലവുകൾ, മറ്റിനങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.375 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-83—കോഴിക്കോട് ലോ കോളേജ്

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര യിനത്തിൽ 3.22 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

01-1—ശമ്പളം-ശമ്പളം

01-2—ക്ഷാമബത്ത

01-3— വീട്ടുവാടക അലവൻസ്

01-5—മറ്റ് അലവൻസുകൾ

02-3—വേതനം- മറ്റ് അലവൻസുകൾ

5—വേതനം-ദിവസ വേതനം

04 -1—യാത്രാച്ചെലവുകൾ - യാത്രാബത്ത

05-3— ഓഫീസ് ചെലവുകൾ, ടെലിഫോൺ ചെലവ്

4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

യു.ജി.സി. ശമ്പള പരിഷ്കരണ തുക നൽകേണ്ടതിനാൽ ശമ്പളം ഇനത്തിൽ 3 കോടി രൂപയും ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നീ ഇനങ്ങളിൽ 30 ലക്ഷം രൂപ വീതവും മറ്റു അലവൻസുകൾ ഇനത്തിൽ 1 ലക്ഷം രൂപയും വികലാംഗ യാത്രാബത്ത നൽകേണ്ടതിനാൽ, മറ്റിനങ്ങൾ ഇനത്തിൽ 15,000 രൂപയും ശമ്പള കുടിശ്ശിക തുക

നൽകേണ്ടതിനാൽ ദിവസവേതനം ഇനത്തിൽ 40 ലക്ഷം രൂപയും കൂടുതൽ മീറ്റിംഗുകളിൽ പങ്കെടുക്കാനുള്ളതിനാൽ യാത്രാബത്ത ഇനത്തിൽ 1 ലക്ഷം രൂപയും ബി.എസ്.എൻ.എൽ-ന്റെ ബ്രോഡ്ബാന്റ് കണക്ഷൻ തുക നൽകേണ്ടതിനാൽ ടെലിഫോൺ ചെലവ് ഇനത്തിൽ 50,000 രൂപയും പത്രമാസികകളുടെ കുടിശ്ശിക നൽകേണ്ടതിനാൽ മറ്റിനങ്ങൾ ഇനത്തിൽ 6,000 രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 40.271 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി ശിപാർശകളിൽ ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിനുള്ള സമയം കഴിഞ്ഞതിനാലും ടി ശിപാർശകളിന്മേൽ അധികതുക ഒന്നും തന്നെ അനുവദിക്കാത്ത സാഹചര്യത്തിലും മേൽ ശിപാർശകൾക്ക് ഫണ്ട് നൽകിയിട്ടില്ലെന്ന് അറിയിക്കുന്നു.

[സർക്കാർ കത്ത് നം. സി1/184/2020/HEDN, തീയതി 13-10-2021; 14-3-2022-ലെ സമിതി യോഗം അംഗീകരിച്ചു; 16-3-2022-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 39)**

2202-03-103-57—<u>രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ.) (60% സി.എസ്.എസ്)</u>

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്ര വിഹിതമായ 105.6170 കോടി രൂപ ലഭിക്കാനുണ്ട്. സംസ്ഥാന വിഹിതമായ 70.4113 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേന്ദ്ര ഗവൺമെന്റിന്റെ കണ്ടിന്യൂയിങ് സ്കീമിൽ ഉൾപ്പെടുന്ന റൂസ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. റൂസയുടെ അക്കൗണ്ടിലുണ്ടായിരുന്ന 83.4 കോടി രൂപ 2019-20 സാമ്പത്തിക വർഷം അവസാനത്തിൽ സർക്കാർ ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിക്കുകയുണ്ടായി. 9-6-2020-ലെ സ.ഉ. (സാധാ.)നം. 743/2020/ഉ.വി.വ. പ്രകാരം 83.4 കോടി രൂപ തിരികെ അനുവദിക്കുകയുണ്ടായി. സ. ഉ. (സാധാ.) നം.1251/2020/ഉ.വി.വ. പ്രകാരം ആകെ 2 കോടി രൂപ സംസ്ഥാന വിഹിതമായി അധിക ധനാനുമതി പ്രകാരം അനുവദിക്കുകയുണ്ടായി.

[സർക്കാർ കത്ത് നം. ബി1/175/2021/ഉ.വി.വ. തീയതി 10-8-2021; 24-11-2021-ലെ സമിതി യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

### ശിപാർശ (ഖണ്ഡിക നമ്പർ 42)

2202-03-103-51—<u>ജീവനി-കോളേജ് മെന്റൽ അവയർനെസ് പ്രോഗ്രാം</u>

കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ അക്കാദമിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ക്യാമ്പസുകളിൽ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ക്യാമ്പസ് . "2202-03-103-51—വിദ്യാർത്ഥി ക്ഷേമം സഹായവും വിപുലതയും" ശീർഷകത്തിൽ മുഖ്യഘടകമായ ബാരിയർ ഫ്രീ ക്യാമ്പസ് പദ്ധതി 2020-21 സാമ്പത്തിക വർഷം ഒരു പുതിയ സ്കീമായി മാറ്റി അതിലൂടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ അക്കാദമിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി 3 കോടി രൂപ അധികമായി അനുവദിക്കുന്ന തിനായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ടി പദ്ധതിയെ 2202-03-103-51—വിദ്യാർത്ഥി ക്ഷേമം സഹായവും വിപുലതയും ശീർഷകത്തിലെ ഘടകമായിത്തന്നെ ഉൾപ്പെടുത്തി ആകെ 5 കോടി രൂപ പ്ലാൻ ഫണ്ടിൽ അനുവദിക്കുകയായിരുന്നു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായുള്ള പ്രവൃത്തികൾ നടത്തി വരുന്നതിനാൽ അധികതുക ആവശ്യമില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 44)

2202-03-105-99—<u>ഫാക്കൽറ്റി വികസനം-അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും കാര്യക്ഷമത മെച്ചപ്പെടുത്തൽ</u>

34—<u>മറ്റുചെലവുകൾ</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒരു ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും സേവനത്തിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് ഒരു മാസത്തെ പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ പുതുതായി സേവനത്തിൽ പ്രവേശിച്ച അധ്യാപകർ, പ്രിൻസിപ്പൽമാർ, പ്രിൻസിപ്പൽ പ്രൊമോഷൻ ലഭിക്കാറായ സീനിയർ അധ്യാപകർ, IQAC കോ-ഓർഡിനേറ്റർമാർ മുതലായവർക്കും അനധ്യാപക ജീവനക്കാർക്കും പരിശീലനം നല്കുന്നതിനാണ് ടി ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് യു.ജി.സി. അംഗീകാരമുള്ള വിവിധ സർവ്വകലാശാലകളുടെ മാനവ വിഭവശേഷി വികസന കേന്ദ്രങ്ങൾ മുഖേനയാണ് യു.ജി.സി. ശിപാർശ ചെയ്യുന്ന ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനാണ് 2 കോടി രൂപ അധികമായി ആവശ്യപ്പെട്ടത്. എന്നാൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 1 കോടി രൂപ ഉപയോഗിച്ച് IIM പോലുള്ള സ്ഥാപനങ്ങളിൽ വച്ച് ട്രെയിനിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ സാഹചര്യത്തിൽ വിപുലമായ രീതിയിൽ പരിശീലന പരിപാടി സംഘടിപ്പിക്കാൻ കഴിയുകയില്ല. ആയതിനാൽ അധികമായി തുക ആവശ്യമായി വന്നില്ല. തുക ആവശ്യമായി വരുന്നപക്ഷം ധനപുനഃവിനിയോഗം വഴി കണ്ടെത്തുന്നതാണ്.

[സർക്കാർ കത്ത് നം. എഫ്2/143/2020/ഉ.വി.വ. തീയതി 15-4-2021; 1-7-2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 45)**

2202-03-105-98—<u>സ്കോളേഴ്സിനുള്ള റസിഡൻസ് പ്രോഗ്രാം</u>

അംഗീകരിച്ച എറുഡൈറ്റ് പ്രോഗ്രാമുകൾക്ക് ചെലവിനുള്ള തുക കൈമാറേണ്ടതിനാൽ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എറുഡൈറ്റ് പ്രോഗ്രാമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പദ്ധതിയിനത്തിൽ 18,75,000 രൂപ അനുവദിച്ചിരുന്നു. അധികതുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. ബി1/175/2021/ഉ.വി.വ., തീയതി 10-8-2021; 24-11-2021-ലെ യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 50)**

2203-00-001-93—വകുപ്പിന്റെ ശക്തിപ്പെടുത്തൽ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ഡയറക്ടറേറ്റും, കോതമംഗലം, കോഴിക്കോട് മേഖല കാര്യാലയം, തിരുവനന്തപുരത്തുള്ള പരീക്ഷാ വിഭാഗം കൺട്രോളറുടെ ഓഫീസ് എന്നിവിടങ്ങളിലെ ആധുനികവൽക്കരണം, ഇ-ഗവേണൻസ്, ബയോമെടിക് പഞ്ചിംഗ് സംവിധാനം, ഓൺ-ലൈൻ പരീക്ഷ പേപ്പർ വിതരണം, സംസ്ഥാനത്തുള്ള പരിശീലന സ്ഥാപനങ്ങൾക്ക് പുറമേ പ്രധാന ദേശീയ സ്ഥാപനങ്ങളിൽ വച്ച് ജീവനക്കാർക്ക് നൽകുന്ന പരിശീലനം, കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ മുഖേന വിവിധ സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കൽ, മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതി അധിക ധനാനുമതിക്കായി ശിപാർശ ചെയ്ത ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുകയോ, ധനകാര്യ വകുപ്പ് നൽകിയ ഉപാധികൾ പാലിക്കുകയോ ചെയ്യാത്തതിനാൽ അധിക ധനാനുമതിക്കുള്ള അനുമതി നൽകാൻ സാധിച്ചില്ല എന്നുള്ള വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നം. ജി2/137/2020/ഉ.വി.വ. തീയതി 26-10-2020; 24-11-2021 - ലെ യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 51)**

2203-00-102-99—കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 5 കോടി രൂപയും പ്രവേശന പരീക്ഷാനടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയ ഇനങ്ങളിലെ ഗണ്യമായ വർദ്ധനവും ആഭ്യന്തര വരുമാനത്തിലെ കുറവും യു.ജി.സി. പേ റിവിഷന്റെ ബാധ്യതയും കണക്കിലെടുത്ത് പദ്ധതിയേതരയിനത്തിൽ 103.7260 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടില്ലാത്തതിനാൽ അധിക വിഹിതം അനുവദിക്കേണ്ട സാഹചര്യമുണ്ടായില്ല. പദ്ധതിയേതരയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചിരുന്നു. ഈ ഇനത്തിലും അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. ബി1/175/2021/ഉ.വി.വ. തീയതി 10-8-2021; 24-11-2021-ലെ യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

### ശിപാർശ (ഖണ്ഡിക നമ്പർ 56)

2203-00-112-81-34-1—<u>പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ - മറ്റ് ചെലവുകൾ - വെള്ളക്കരം</u>

സംസ്ഥാനത്തെ 5 പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെയും, ഹോസ്റ്റലുകളുടെയും വെള്ളക്കരം അടയ്ക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി അധിക ധനാനുമതിക്കായി ശിപാർശ ചെയ്ത ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കുകയോ, ധനകാര്യ വകുപ്പ് നൽകിയ ഉപാധികൾ പാലിക്കുകയോ ചെയ്യാത്തതിനാൽ അധിക ധനാനുമതിക്കുള്ള അനുമതി നൽകാൻ സാധിച്ചില്ല എന്നുള്ള വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 57)

2203-00-112-72—<u>സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

ഗവേഷണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2020-21-ൽ അനുവദിച്ച 2.50 കോടി രൂപയിൽ രണ്ട് ഗഡുക്കളായി 1.87 കോടി രൂപ മാത്രം ചെലവായതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക ഈ സാമ്പത്തിക വർഷം ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നം. ജി2/112/2020/ഉ.വി.വ. തീയതി 9-9-2021; 24-11-2021-ലെ യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

## ശിപാർശ (ഖണ്ഡിക നമ്പർ 58)

2203-00-112-61—കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

കേരള സർക്കാരിന് കീഴിൽ സ്ഥാപിതമായിട്ടുള്ള സ്വയംഭരണാധികാരമുള്ള സ്ഥാപനമാണ് കേരള സയൻസ് & ടെക്നോളജി മ്യൂസിയം. ടി സ്ഥാപനത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ പദ്ധതി വിഹിതം അനുവദിച്ച് വരുന്നുണ്ട്. സ്വയംഭരണസ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നുമാണ് പദ്ധതിയേതര ഇനത്തിലുള്ള തുക കണ്ടെത്തേണ്ടത്. എന്നാൽ തനത് വരുമാനം കുറഞ്ഞ കാരണത്താൽ ടി സ്ഥാപനത്തിന് പദ്ധതിയേതര വിഹിതം അനുവദിച്ചാൽ മറ്റ് സ്വയംഭരണ സ്ഥാപനങ്ങളും ഇതേ ആവശ്യം ഉന്നയിക്കാനിടവരും. അതിനാൽ കേരള സയൻസ് & ടെക്നോളജി മ്യൂസിയത്തിന് പദ്ധതിയേതര വിഹിതം അനുവദിക്കണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാനാവില്ല.

[സർക്കാർ കത്ത് നം. കെ2/92/2020/ഉ.വി.വ. തീയതി 7-1-2022; 14-3-2022-ലെ യോഗം അംഗീകരിച്ചു; 16-3-2022-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു.]

## ശിപാർശ (ഖണ്ഡിക നമ്പർ 63)

2204-00-102-76—ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുക്കുന്നതിനായുള്ള നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സിനുള്ള സഹായം

"2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബഡ്ജറ്റിൽ ദേശീയ റിപ്പബ്ലിക്ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് ട്രാക്ക്സ്യൂട്ട്, ഷൂസ് എന്നിവ വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ വകയായി 60,000 രൂപ അനുവദിച്ചുവരുന്നു. എന്നാൽ ബഡ്ജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിട്ടുള്ള തിനാൽ 2020-21 സാമ്പത്തിക വർഷത്തിലും 59,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

20-11-2020-ലെ സ. ഉ. (സാധാ.) നം. 6778/2020/ധന. ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളന്റിയർമാർക്ക് ട്രാക്സ്യൂട്ട്, ഷൂസ് എന്നിവ വാങ്ങുന്നതിന് 2204-00-102-76 നമ്പർ ശീർഷകത്തിൽ 59,000 രൂപയുടെ അധിക ധനാനുമതി നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നം. എ 1/178/2020/ഉ.വി.വ. തീയതി 1-1-2021; 1-7-2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 65)**

2205-00-105-99—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ

36—സഹായധനം - ശമ്പളേതരം

(i) കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർവൽക്കരണത്തിന് പദ്ധതിയിനത്തിൽ 65 ലക്ഷം രൂപയും, ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ്, കെട്ടിട ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 10.5799 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31—സഹായധനം - ശമ്പളം

(ii) ശമ്പളം, പെൻഷൻ, ക്ഷാമബത്ത, ശമ്പള പെൻഷൻ പരിഷ്കരണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 7.4201 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2020-21 സാമ്പത്തിക വർഷം പദ്ധതിയിനത്തിലും, പദ്ധതിയേതരയിനത്തിലും വകയിരുത്തിയിരിക്കുന്ന തുക ചെലവഴിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നം. എ 2/196/2020/ഉ.വി.വ. തീയതി 20-5-2021; 1-7-2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 87)**

4202-02-105-90—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

19 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 ലെ ചെലവ് 8.43 കോടി രൂപ അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 88)**

4202-02-105-89 —<u>രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം</u>

2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആകയാൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21-ൽ ടി ശീർഷകത്തിൽ ചെലവുണ്ടായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക ഈ സാമ്പത്തിക വർഷം ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 89)**

4202-02-105-88—<u>എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും</u>

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 4 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 ലെ ചെലവ് 1.12 കോടി രൂപ അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധിക ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 90)**

4202-02-105-85—<u>ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്</u>

5 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21-ൽ ചെലവ് ഉണ്ടായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 91)**

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങൾ മരാമത്ത് പണികൾ

53 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21-ലെ ചെലവ് 11.27 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ആയതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നം. ഇ 3/310/2020/പൊ.മ.വ. തീയതി 2-11-2021; 24-11-2021-ലെ യോഗം അംഗീകരിച്ച, കാലതാമസപത്രിക 16-3-2022-ൽ സഭയിൽ സമർപ്പിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 92)**

4202-02-800-83—വകുപ്പിന്റെ ശക്തിപ്പെടുത്തൽ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ഡയറക്ടറേറ്റ്, പരീക്ഷാ വിഭാഗം കൺട്രോളറുടെ ഓഫീസ് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21-ലെ ചെലവ് 36.52 ലക്ഷം രൂപ ആയതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക ഈ സാമ്പത്തിക വർഷം ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നം. ജി2/112/2020/ഉ.വി.വ. തീയതി 9-9-2021; 87, 88, 89, 92 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 24-11-2021-ലെ യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 93)**

4202-03-800-91— എൻ.സി.സി. കെട്ടിട നിർമ്മാണം

തിരുവനന്തപുരം ജില്ലയിൽ മൂന്ന് ഓഫീസുകൾ നിർമ്മിക്കുന്നതിനും നെടുമങ്ങാട് താലൂക്കിൽ തിരുവനന്തപുരം ഹെഡ് ക്വാർട്ടേഴ്സിന്റെ സ്ഥിര പരിശീലന കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം നിർമ്മിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 9.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എൻ.സി.സി. വകുപ്പിന് 2020-21 സാമ്പത്തിക വർഷം നിർമ്മാണ പ്രവൃത്തിക്കായി 4202-03-800-91 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക ചെലവഴിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നം. എ 2/197/2020/ഉ.വി.വ. തീയതി 20-5-2021; 1-7-2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 95)**

4202-04-105-99—പബ്ലിക് ലൈബ്രറി കെട്ടിടങ്ങൾ

3 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷം പെൻഡിംഗ് ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിനായി പ്രൊപ്പോസലുകൾ ലഭ്യമായമുറയ്ക്ക് 4202-04-105-99-01 പബ്ലിക് ലൈബ്രറി കെട്ടിടങ്ങൾ എന്ന പദ്ധതി ശീർഷകത്തിൽ, 17-8-2020-ലെ സ. ഉ. (സാധാ.) നം. 4737/2020/ധന. പ്രകാരം 8.03 ലക്ഷം രൂപയും 14-10-2020-ലെ സ. ഉ. (സാധാ.) നം. 5895/2020/ധന. പ്രകാരം 90,000 രൂപയും ചേർത്ത് ആകെ 8.93 ലക്ഷം രൂപ അധിക ധനാനുമതി മുഖാന്തരം അനുവദിക്കുകയും ഈ തുക BAMS കണക്കുകൾ പ്രകാരം പൂർണ്ണമായും ചെലവഴിച്ചിട്ടുമുണ്ട്.

[സർക്കാർ കത്ത് നം. എ 1/210/2020/ഉ.വി.വ. തീയതി 18-9-2021; 24-11-2021-ലെ യോഗം അംഗീകരിച്ചു; 3-11-2021-ൽ കാലതാമസപത്രിക സഭയിൽ സമർപ്പിച്ചു].

**ശിപാർശ (ഖണ്ഡിക നമ്പർ 96)**

2202-05-102-98 —സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് 2020-21 സാമ്പത്തിക വർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, രണ്ട് ജീവനക്കാരുടെ ടെർമിനൽ സറണ്ടർ എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നതിനും പദ്ധതിയേതരയിനത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 97)**

2202-05-102-97—<u>സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്</u>

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസ്, ആർജ്ജിതാവധി സറണ്ടർ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ഓഡിറ്റ് ഫീസ് കുടിശ്ശിക എന്നിവ നൽകുന്നതിനും, വാഹനം, ടെലിഫോൺ, വൈദ്യുതി, മറ്റ് ഓഫീസ് ചെലവുകൾ, റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 98)**

2202-05-102-96 — <u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്</u>

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തക നിർമ്മാണത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, പദ്ധതിയിനത്തിൽ 4 കോടി രൂപയും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജിവനക്കാർക്ക് ശമ്പളം, ഡി. എ. കുടിശ്ശിക എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നതിനും പദ്ധതിയേതര ഇനത്തിൽ 6 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതിയേതരയിനത്തിൽ 10/3/2021-ലെ സ. ഉ. (സാധാ). 165/2021/സാം.കാ.വ. പ്രകാരം 46,06,000 രൂപ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 99)**

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി - ധനസഹായം

36—സഹായധനം-ശമ്പളേതരം

ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ല. പദ്ധതിയേതരയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1.06 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 86.66644 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതിയേതരയിനത്തിൽ 1-3-2021-ലെ സ. ഉ. (സാധാ.) 158/2021/സാം.കാ.വ. പ്രകാരം 63,00,000 രൂപ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 100)**

2202-05-102-86—മലയാളം മിഷൻ

മലയാളം മിഷൻ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2019-20-ൽ തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയും പദ്ധതിയിനങ്ങളുടെ ചെലവ് പതിന്മടങ്ങ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തവു മായതിനാൽ പദ്ധതിയിനത്തിൽ 73.75 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം, ഓണറേറിയം, കെട്ടിട വാടക, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ആവശ്യങ്ങൾ, സ്റ്റേഷനറി തുടങ്ങിയവയ്ക്കായി പദ്ധതിയേതരയിനത്തിൽ 58.24 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മലയാളം മിഷന്റെ റേഡിയോ മലയാളം പദ്ധതിയ്ക്കായി 1,06,36,000 രൂപ എസ്റ്റിമേറ്റിൽ ഭരണാനുമതി നൽകി തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് പ്രോജക്ട് നടപ്പിലാക്കുന്നതിന് 21/08/2020-ലെ സാ.ഉ. (സാധാ.) 330/2020/സാം.കാ.വ. പ്രകാരം 22,16,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

മലയാളം മിഷൻ പഠനകേന്ദ്രങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിനായി 24/11/2020-ലെ സ. ഉ. (സാധാ.)നമ്പർ447/2020/സാം.കാ.വ. പ്രകാരം 26,25,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 101)**

2205-00-101-97-36—<u>കേരള കലാമണ്ഡലം സഹായധനം-ശമ്പളേതരം</u>

പദ്ധതിയിന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ 66.6 കോടി രൂപയും പദ്ധതിയേതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനായും പദ്ധതിയേതരയിനത്തിൽ 17.69 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 102)**

2205-00-101-96—<u>ജവഹർ ബാലഭവൻ</u>

31—<u>സഹായധനം-ശമ്പളം</u>

36—<u>സഹായധനം-ശമ്പളേതരം</u>

കുട്ടികളുടെ തിയേറ്ററിന്റെ അവശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിനും മറ്റ് വികസന പദ്ധതികൾക്കുമായി പദ്ധതിയിനത്തിൽ 1.06837 കോടി രൂപയും, ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതു മൂലവും സ്ഥാപനത്തിന്റെ കണ്ടിജൻസി ഇനത്തിലുള്ള ചെലവുകൾ വർദ്ധിച്ചതിനാലും കുട്ടികൾക്ക് ഗുണപ്രദമായി പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനും പദ്ധതിയേതരയിനത്തിൽ 21.033391 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 103)

2205-00-102-98-36—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

പദ്ധതിയിൻ കീഴിൽ കൂടുതൽ സ്മാരകങ്ങളെ ഉൾപ്പെടുത്തുന്നതിനും നാശോന്മുഖമായ സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയിനത്തിൽ 35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 104)

2205-00-102-97-36—കേരള സാഹിത്യ അക്കാദമി ധനസഹായം-സഹായധനം-ശമ്പളേതരം

സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾക്കുവേണ്ടി 1 കോടി രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 28.05 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 105)

2205-00-102-91—കേരള ലളിതകലാ അക്കാഡമി-സഹായധനം-ശമ്പളേതരം

കേരള ആസ്ഥാന മന്ദിരത്തിന്റെയും ലളിതകലാ അക്കാഡമിയിൽ കലാ വസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണത്തിനും ഗ്യാലറികളുടെയും ആസ്ഥാന മന്ദിരത്തിന്റെയും നവീകരണത്തിനും കാക്കണ്ണൻപാറ ആർട്ടിസ്റ്റ് ഇൻ റസിഡൻസി സ്റ്റുഡിയോയുടെ

നിർമ്മാണത്തിനും പദ്ധതിയിനത്തിൽ 2.05 കോടി രൂപയും സ്ഥിരം/കരാർ/ ദിവസവേതന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾക്കും പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

2205-00-102-90—കേരള സംഗീത നാടക അക്കാഡമി

കേരള സംഗീത നാടക അക്കാദമിക്ക് കീഴിൽ ഉടൻ നിർമ്മാണം തുടങ്ങാനുള്ള ആർക്കൈവ്സ് ആർട്ട് ഗ്യാലറി മ്യൂസിയം, ലൈബ്രറി, സ്റ്റുഡിയോ എന്നിവയുടെ നിർമ്മാണ ചെലവിനുവേണ്ടി പദ്ധതിയിനത്തിൽ 3 കോടി രൂപയും അന്തരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി 3 കോടി രൂപയും ജീവനക്കാരുടെ നിയമനം, ശമ്പളപരിഷ്കരണം, വേതനം, അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ വാഹന-ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിപ്പിച്ചുനൽകുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 1.024 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 107)**

2205-00-102-87-36—നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം - സഹായധനം - ശമ്പളേതരം

2902 കലാകാരന്മാർക്ക് പ്രതിമാസം 1500 രൂപ നിരക്കിൽ കലാകാരപെൻഷൻ 2020-21 വർഷത്തേക്ക് നൽകുന്നതിന് 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 108)**

2205-00-102-86—മാർഗി

കൂടിയാട്ടത്തിന്റെ പരിപോഷണത്തിനും കലാകാരന്മാർക്ക് വിദഗ്ധ പരിശീലനത്തിനും വർണ്ണാഭമായ വേഷവിധാനങ്ങൾ, വാദ്യോപകരണങ്ങൾ, കോപ്പുകളുടെയും മറ്റു അനുബന്ധ സാധനങ്ങളുടെയും നിർമ്മാണം എന്നീ ചെലവുകൾക്കുംവേണ്ടി 30 ലക്ഷം രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 109)**

2205-00-102-82-36—തിരുവനന്തപുരം ഭാരത് ഭവൻ - സഹായധനം- ശമ്പളേതരം

അനുവദനീയമായ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതി നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് പദ്ധതിയിനത്തിൽ 38 ലക്ഷം രൂപയും പദ്ധതിയേതര ആവശ്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് 34.43859 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം അധികതുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 110)**

2205-00-102-80—നാട്ടരങ്ങ്

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് മാതൃകയിൽ നിർമ്മിക്കുന്ന പദ്ധതിക്ക് ഓരോ ജില്ലയിൽ ഒരു നാട്ടരങ്ങ് വീതം ആകെ പതിനാല്

2204-00-104-97—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം

31—സഹായധനം-ശമ്പളം

സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി. എ., ഡി. എ. കുടിശ്ശിക, എന്നിവയും പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ്

ചെലവുകളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം -ശമ്പളേതരം

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും, സ്ഥാപനത്തിലെ കായികതാരങ്ങളുടെ വാഷിംഗ് അലവൻസ്, ചികിത്സാചെലവുകൾ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്ര/ദിനബത്ത, വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിലുള്ള പരിശീലനം, പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റ്, അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതി എന്നിവയ്ക്കു വേണ്ടിയും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 11.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ ശമ്പളം പുതുക്കിയ നിരക്കിലെ ഡി.എ., ഡി.എ. കുടിശ്ശിക, ജീവനക്കാരുടെ സറണ്ടർ ട്രാവലിംങ്ങ് അലവൻസ്, പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്നതിന് പ്രസ്തുത ഫണ്ട് അപര്യാപ്തമായതിനാൽ 2204-00-104-97-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സ്പോർട്സ് കൗൺസിൽ നിർദ്ദേശം സമർപ്പിച്ചിരുന്നു. അതിൻപ്രകാരം 2,70,12,000 രൂപ അധികമായി അനുവദിച്ച് നൽകി.

സംസ്ഥാന സർക്കാരിന്റെ 2019-20 സാമ്പത്തിക വർഷ ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് പ്ലാൻ ഫണ്ടിൽ 2204-00-104-97-36 (പ്ലാൻ) 41,00,00,000 രൂപയാണ് അനുവദിച്ചിരുന്നത്. ഈ തുക ഓപ്പറേഷൻ ഒളിമ്പ്യ, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള യാത്ര/ദിനബത്ത, വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിലുള്ള പരിശീലനം, പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റ്, അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതി എന്നിവയ്ക്കു തികയുന്നതല്ല. ആയതിനാൽ 11.3 കോടി രൂപ 2204-00-104-97-36 (പ്ലാൻ) ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നിർദ്ദേശം സമർപ്പിച്ചിരുന്നെങ്കിലും അധികതുക അനുവദിച്ച് നൽകിയിട്ടില്ല.

[സർക്കാർ കത്ത് നമ്പർ. 18-8-2021-ലെ കാ.യു.വ.100/B2/2021/കാ.യു.വ. 24-11-2021-ലെ യോഗം അംഗീകരിച്ചു. കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.]

III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 1718/സബ്.സി. ഇ 1/2018/നി.സെ)

**ശിപാർശ (ഖണ്ഡിക നമ്പർ 49)**

2202-04-001-93—തുടർവിദ്യാഭ്യാസ കേന്ദ്രം

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണം, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവയ്ക്ക് കെട്ടിടം, അടിസ്ഥാന സൗകര്യവികസനം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷയ്ക്ക് സൗജന്യപരിശീലനം തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ നടപ്പിലാക്കാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതി ശിപാർശ ചെയ്ത തുക ധനകാര്യവകുപ്പ് അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ HEDN-L1/111/2018-HEDN തീയതി 13-2-2021; 26-7-2021-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 58)**

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

സ്ഥലം വാങ്ങുന്നതിനും ക്യാമ്പസ് പ്രവർത്തിപ്പിച്ച് തുടങ്ങുന്നതിനുമായി 50 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഡോ. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി സമിതി ശിപാർശ ചെയ്ത 50 കോടി രൂപയിൽ നിന്നും 10.3333 കോടി രൂപ 2018-19 സാമ്പത്തിക വർഷം അനുവദിക്കുകയും, പ്രസ്തുത തുക 2019-20 ബഡ്ജറ്റിൽ Capital Works-നായി വകയിരുത്തുകയും ചെയ്തിരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ റവന്യൂ വകുപ്പിന്റെ

19 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാത്തതിനാൽ ബാക്കിയുള്ള 39.6667 കോടി അധികതുക പ്രസ്തുത സാമ്പത്തിക വർഷത്തിൽ ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നമ്പർ ജെ3/167/2018/ഉ.വി.വ. തീയതി 29-7-2021; 24-11-2021-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 4-8-2021-ന് സഭയിൽ സമർപ്പിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 60)**

2203-00-104-97—സ്വകാര്യ പോളിടെക്നിക്കുകൾ

സംസ്ഥാനത്തെ 6 സ്വകാര്യ പോളിടെക്നിക് കോളേജുകളിലെ ഗസ്റ്റ് അധ്യാപകർക്ക് വേതനം നൽകുന്നതിന് 18 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 63)**

2203-00-105-99-34 (3)—ഗവൺമെന്റ് പോളിടെക്നിക്കുകൾ-മറ്റുചെലവുകൾ - മറ്റിനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 30 സർക്കാർ പോളിടെക്നിക് കോളേജുകളിലെ മറ്റിനത്തിലുള്ള ചെലവ് ഒടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജി.ഒ. (ആർ.റ്റി.) നമ്പർ 1706/2019/ഫിൻ തീയതി 7-3-2019 പ്രകാരം 2 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴി ലഭ്യമാകുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 64)**

2203-00-105-98-34 (3)—വനിതാ പോളിടെക്നിക്കുകൾ - മറ്റുചെലവുകൾ - മറ്റിനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 5 സർക്കാർ വനിതാ പോളിടെക്നിക് കോളേജുകളിലെ മറ്റിനം ഒടുക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധികതുക ആവശ്യമായിവന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 65)**

2203-00-105-91—ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുള്ള വിഹിതം

34 - 3 —മറ്റ് ചെലവുകൾ - മറ്റിനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിന് വേണ്ടി മറ്റ് ചെലവുകളിൽ മറ്റിനത്തിൽ അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധികതുക ആവശ്യമായിവന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 66)**

2203-00-108-99-34-3—പരീക്ഷാ വിഭാഗം - മറ്റ് ചെലവുകൾ-മറ്റിനം

ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഓഫീസിലെയും പോളിടെക്നിക് കോളേജ്, ടി.എച്ച്.എസ്. തുടങ്ങിയ സ്ഥാപനങ്ങളിലെയും പരീക്ഷാ സംബന്ധമായ ചെലവുകൾ വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 64 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജി.ഒ. (ആർറ്റി.) നമ്പർ 1706/2019/ഫിൻ തീയതി 7-3-2019 പ്രകാരം 15 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴി ലഭ്യമാകുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ HEDN-L1/111/2018-HEDN തീയതി 13-2-2021; 26-7-2021-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 68)**

2203-00-112-60-35-36-31—ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് - (ഐ.എച്ച്.ആർ.ഡി.)

നിർമ്മാണ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും ജൻഡർ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കും വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.64 കോടി രൂപയും ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും പദ്ധതിയേതരം - സഹായധനം - ശമ്പളം ഇനത്തിൽ 39.45 കോടി രൂപയും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പദ്ധതിയേതരം ശമ്പളേതരം ഇനത്തിൽ 12.08 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഐ.എച്ച്.ആർ.ഡിക്ക് 22 കോടി അധികമായി അനുവദിച്ചിരുന്നു. ആയതിനാൽ 19,66,00,000/- (പത്തൊൻപത് കോടി അറുപത്തിയാറ് ലക്ഷം രൂപ മാത്രം) ഐ.എച്ച്.ആർ.ഡിക്ക് റിലീസ് ചെയ്ത് നൽകുകയും പ്രസ്തുത തുക ഐ.എച്ച്.ആർ.ഡി. പൂർണ്ണമായും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ജെ1/178/2018/ഉ.വി.വ. തീയതി 7-5-2021; 26-7-2021-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 69)**

2203-00-112-58—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ ഒരു ഹോസ്റ്റൽ നിർമ്മാണത്തിന് 2 കോടി രൂപ പദ്ധതിയിനത്തിൽ അധികമായും മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപ പദ്ധതിയേതരയിനത്തിലും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ ശിപാർശ കഴിഞ്ഞ തവണയും ഉണ്ടായിരുന്നു.

**സ്വീകരിച്ച നടപടി**

9-5-2018-ലെ ജി.ഒ. (ആർറ്റി.) നമ്പർ 923/2018 ഉ.വി.വ. പ്രകാരം കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ മെൻസ് ഹോസ്റ്റൽ നിർമ്മാണത്തിനായി 2018-19 പ്ലാൻ ഫണ്ടിൽ നിന്നും 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. 2018-19 വർഷത്തിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ 26-11-2018-ലെ സ. ഉ. (സാധാ.) നമ്പർ 2130/2018/ഉ.വി.വ. പ്രകാരം പ്രസ്തുത തുക 50 ലക്ഷമായി ചുരുക്കിയിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. 20-5-2019-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ഹോസ്റ്റൽ നിർമ്മിക്കാനുള്ള പ്രൊപ്പോസൽ നിരസിക്കുകയും ഹോസ്റ്റൽ വാടകയ്ക്ക് എടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

മലപ്പുറം പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കുവേണ്ടി, 50 കോടി രൂപ പദ്ധതിയേതരയിനത്തിൽ അനുവദിക്കണമെന്ന സമിതി ശിപാർശ സർക്കാർ പരിശോധിച്ചു.

നടപ്പുവർഷത്തെ പദ്ധതിയിൽ ആസൂത്രണ വകുപ്പ് മേൽ വിഷയം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കുറവായതിനാലും ടി ശിപാർശ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല എന്ന വിവരം എൽ.ബി.എസ്. ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ജെ1/179/2018/ഉ.വി.വ. തീയതി 4-3-2021; 26-7-2021-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 84)**

4202-01-203-96—കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്.)

പല സർക്കാർ കോളേജുകളിലെയും ഭൗതിക സൗകര്യവികസനത്തിനായി 10.17 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2018-19-ലെ ചെലവ് 56.87 ലക്ഷം രൂപ, അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 85)**

4202-01-203-89—ഗവൺമെന്റ് കോളേജുകളിൽ വനിതാ ഹോസ്റ്റലുകളുടെ നിർമ്മാണം

ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 2.36 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2018-19-ലെ ചെലവ് 1.83 കോടി രൂപ, അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 86)**

4202-01-203-88—കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ-കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം (ഒറ്റത്തവണ കേന്ദ്രസഹായം)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 87 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2018-19-ലെ ചെലവ് 2.99 കോടി രൂപ, അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 87)**

4202-01-203-87—സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം (ഒറ്റത്തവണ അധിക കേന്ദ്രസഹായം)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1.64 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2018-19-ലെ ചെലവ് 4.38 കോടി രൂപ, അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ചെലവായ തുക അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ സി2/131/2018/ഉ.വി.വ. തീയതി 12-2-2021; 26-7-2021-ലെ സമിതിയോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ 90)**

4202-02-104-99—പോളിടെക്നിക്കുകൾ - കെട്ടിടങ്ങൾ

ഒട്ടേറെ പണികൾക്ക് ഭരണാനുമതി നല്കുകയും അവ തുടർന്നുവരികയും ചെയ്തിട്ടുള്ളതായതിനാൽ 26.6686 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അഡീഷണൽ ഓതറൈസേഷൻ മുഖേന അധികതുക ലഭിച്ചത് ഉൾപ്പെടെ ആകെ 50.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 91)**

4202-02-104-96—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 3.74 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അഡീഷണൽ ഓതറൈസേഷൻ മുഖേന അധികതുക ലഭിച്ചത് ഉൾപ്പെടെ ആകെ 2.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 92)**

4202-02-104-94—പോളിടെക്നിക് കെട്ടിടങ്ങൾ (ഒറ്റത്തവണ കേന്ദ്രസഹായം)

ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 1.36 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

4202-02-102-94 PV എന്ന ശീർഷകം 2018-19 സാമ്പത്തിക വർഷമാണ് സൃഷ്ടിച്ചത്. അത് കൊണ്ടുതന്നെ ഈ ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത് 2019-20 സാമ്പത്തിക വർഷം മുതൽ മാത്രമാണ്.

| **Expenditure** | |
|---|---|
| 2019-20 | Rs. 1.415 crore |
| 2020-21 | Rs. 67.37 lakhs |

[സർക്കാർ കത്ത് നമ്പർ HEDN-L1/111/2018-HEDN തീയതി 13-2-2021; 26-7-2021-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു]

## കായിക യുവജനകാര്യ വകുപ്പ്

### ശിപാർശ (ഖണ്ഡിക നമ്പർ 136)

2204-00-101-99—കായിക വിദ്യാഭ്യാസ കോളേജുകൾ

ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയിനത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ജീവനക്കാരുടെ യാത്രാബത്ത പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 15.33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ കായിക വിദ്യാഭ്യാസ കോളേജിലെ ട്രാക്ക് നിർമ്മാണത്തിനായി സ്ഥല ലഭ്യത സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 90 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടിവന്നില്ല.

ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ടി വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 15.33 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടിവന്നില്ല.

[സർക്കാർ കത്ത് നമ്പർ സി2/77/2021/ഉ.വി.വ. തീയതി 10-2-2022; 14-3-2022-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു.]

IV. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18) തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 1925/സബ്.സി. ഇ 1/2017/നി.സെ.)

### ശിപാർശ (ഖണ്ഡിക നമ്പർ 60)

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം - ധനസഹായം

സ്ഥാപനത്തിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക അടിയന്തരമായി നൽകുന്നതിനായി ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പിരിച്ചുവിട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക അടിയന്തരമായി സി-ആപ്റ്റിൽ നിന്നുതന്നെ നൽകുന്ന വിഷയം സി-ആപ്റ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ വച്ച് ഉചിതമായ തീരുമാനമെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 70)**

4202-02-01-203-96—<u>കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്)</u>

പല സർക്കാർ കോളേജുകളുടെയും ഭൗതിക സൗകര്യ വികസനത്തിനായി 3456.40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ കോളേജുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീം മുഖേന ധനസഹായം ലഭിക്കുന്ന വേളയിൽ അധികതുക അനുവദിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ കെ3/109/2017/ഉ.വി.വ. തീയതി 13-1-2022; 14-3-2022-ലെ സമിതിയോഗം അംഗീകരിച്ചു; കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു.]

വി. ശിവൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2022 ജൂലൈ 7.

## അനുബന്ധം

### 1. 17-6-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ജൂൺ 17-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും, ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് -ഒഫീഷ്യോ അംഗങ്ങളായ ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു, ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ (ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ) എന്നിവരെ കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം. എസ്. അരുൺ കുമാർ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. കെ. എം. സച്ചിൻദേവ്
5. ശ്രീ. ഷാഫി പറമ്പിൽ
6. ശ്രീ. എം. വിജിൻ.

ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത അംഗം:

ശ്രീ. മുഹമ്മദ് മുഹസിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യവകുപ്പ്.
3. ശ്രീ. ജീവൻ ബാബു കെ., പൊതുവിദ്യാഭ്യാസ ഡയറക്ടർ.

4. ശ്രീ. സന്തോഷ് കുമാർ എസ്. ആർ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

5. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

6. ശ്രീ. പള്ളിയറ ശ്രീധരൻ, ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

7. ഡോ. ജെ. പ്രസാദ്, ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്.

8. ഡോ. മിനി ദേജോ കാപ്പൻ, ഡയറക്ടർ, പി & ഡി, യൂണിവേഴ്സിറ്റി ഓഫ് കേരള.

9. ഡോ. ബൈജുബായ് റ്റി. പി., ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ.

10. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്.

12. ഡോ. കെ. എസ്. അനിൽകുമാർ, രജിസ്ട്രാർ, കേരള സർവ്വകലാശാല.

13. ഡോ. ആർ. ബിജു കമാർ, പ്രിൻസിപ്പാൾ, ഗവൺമെന്റ് ലാ കോളേജ്, തിരുവനന്തപുരം.

14. ഡോ. കുട്ടികൃഷ്ണൻ എ. പി., സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള

15. ശ്രീ. ആർ. മഹാദേവൻ, ഫിനാൻസ് ഓഫീസർ, കേരള യൂണിവേഴ്സിറ്റി.

16. ശ്രീ. ദേവരാജൻ. വി., ഫിനാൻസ് ഓഫീസർ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്.

<u>ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു:</u>

1. ഡോ. വി. വേണു., അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

2. ശ്രീമതി വി. വിഘ്നേശ്വരി, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്.

3. ശ്രീ. വി. കാർത്തികേയൻ നായർ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

4. ശ്രീമതി സുജ സൂസൻ ജോർജ്, ഡയറക്ടർ, മലയാളം മിഷൻ

5. ഡോ. എം. അബ്ദുൽ റഹ്മാൻ, ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി.

6. ഡോ. ജി. പി. പത്മകുമാർ, ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം.

7. ഡോ. ഗോപാലകൃഷ്ണൻ എം. ബി., രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

8. ഡോ. ബിന്ദു എം. നമ്പ്യാർ, പ്രിൻസിപ്പാൾ, ഗവൺമെന്റ് ലാ കോളേജ്, എറണാകുളം.

9. ഡോ. വി. ആർ. ജയദേവൻ, പ്രിൻസിപ്പാൾ, ഗവൺമെന്റ് ലാ കോളേജ്, തൃശ്ശൂർ

10. ഡോ. എ. ആർ. രാജൻ, ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്.

11. ശ്രീ. ഫ്രാൻസിസ്, ഡയറക്ടർ എൻ. സി. സി. വകുപ്പ്.

12. മേജർ ജനറൽ മന്ദീപ് സിംഗ് ഗിൽ, അഡീഷണൽ ഡയറക്ടർ ജനറൽ , എൻ.സി.സി. ഡയറക്ടറേറ്റ്.

13. ശ്രീമതി വി. സിനി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള ലൈബ്രറി കൗൺസിൽ

14. പ്രൊഫ. സി. ആർ. പ്രസാദ്, രജിസ്ട്രാർ, കേരള സർവ്വകലാശാല.

15. ഡോ. ബൈജു ബി., രജിസ്ട്രാർ, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല.

16. ഡോ. പി. എൻ. ദിലീപ്, രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല.

17. ശ്രീ. ബിജു മാത്യൂ, ഫിനാൻസ് ഓഫീസർ, മഹാത്മാഗാന്ധി സർവ്വകലാശാല.

18. ശ്രീ. സുധീർ എം. എസ്., ഫിനാൻസ് ഓഫീസർ, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല.

19. ശ്രീ. മഹാദേവ് എം. ജി., രജിസ്ട്രാർ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)

20. ഡോ. ഷൈയാജൻ ഡി., രജിസ്ട്രാർ, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല.

21. ശ്രീ. ശിവപ്പ പി., ഫിനാൻസ് ഓഫീസർ, കോഴിക്കോട് സർവ്വകലാശാല.

22. ശ്രീ. ജുഗൽ കിഷോർ, ഫിനാൻസ് ഓഫീസർ, കോഴിക്കോട് സർവ്വകലാശാല

23. ഡോ. ബി. സുരേഷ് കുമാർ, ഡയറക്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് (IHRD)

24. ശ്രീ. അൻവർ ഹുസൈൻ എൽ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഇൻചാർജ്), അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP).

സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽവരുന്ന പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാംസ്കാരികകാര്യം, ആസൂത്രണ സാമ്പത്തികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98-36—<u>സംസ്ഥാന സർവ്വ വിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം-സഹായധനം- ശമ്പളേതരം</u>

2021-22 സാമ്പത്തികവർഷത്തിൽ കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക, ടെർമിനൽ സറണ്ടർ എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-05-102-97-36—<u>സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്-സഹായധനം-ശമ്പളേതരം</u>

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ജീവനക്കാരുടെ ശമ്പളം, ആർജിതാവധി സറണ്ടർ തുടങ്ങിയവ നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-സഹായധനം-ശമ്പളേതരം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തക പ്രസിദ്ധീകരണം, കെട്ടിട നിർമ്മാണം, ഭാഷാ കമ്പ്യൂട്ടിംഗ്, മൺമറഞ്ഞ സാഹിത്യകാരന്മാരുടെ ശതാബ്ദി ആഘോഷങ്ങൾ എന്നിവ ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജിവനക്കാർക്ക് ശമ്പളം, ഡി. എ. കുടിശ്ശിക എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടക്കുന്നതിനും പദ്ധതിയേതര ഇനത്തിൽ 6 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി - ധനസഹായം-സഹായധനം-ശമ്പളേതരം

കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും, പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും, ഹെഡ് ഓഫീസിന്റെ വാടക നൽകുന്നതിനും പുതിയ കെട്ടിടത്തിൽ സ്ഥല പരിമിതിമൂലം ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം കൂടി പ്രവർത്തന യോഗ്യമാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 91 ലക്ഷം രൂപ അധികമായും, പദ്ധതിയേതരയിനത്തിൽ 80.93428 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-05-102-86—മലയാളം മിഷൻ

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാകുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 241 ലക്ഷം രൂപയും അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള വർദ്ധന കുടിശ്ശിക, മറ്റ് ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ആവശ്യങ്ങൾ, സ്റ്റേഷനറി തുടങ്ങിയവയ്ക്കായി പദ്ധതിയേതരയിനത്തിൽ 136.44 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

2202-03-102-99—കേരള സർവ്വകലാശാല

ശമ്പളപരിഷ്കരണംമൂലമുണ്ടാകുന്ന അധിക വാർഷിക സാമ്പത്തിക ബാധ്യത, പെൻഷൻകാർക്ക് ഡി.എ. റിലീഫ് വിതരണം ചെയ്ത തുക, ഡി.എ. കുടിശ്ശിക, എൻ.പി.എസ്. കുടിശ്ശികയിനത്തിലായി വിതരണം ചെയ്ത തുക, യു.ജി.സി. 2016 കുടിശ്ശിക വിതരണം ചെയ്യുന്നതിന് വേണ്ട തുക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 103.89 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നാക് അക്രെഡിറ്റേഷനു മുന്നോടിയായി പല വികസന പദ്ധതികളും പൂർത്തീകരിക്കുന്നതിനും, ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതിനും പദ്ധതിയിനത്തിൽ 19.9754506 കോടി രൂപയും ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ, യു. ജി. സി. ശമ്പള പരിഷ്കരണ കുടിശ്ശിക, ദിവസവേതന/കരാർ ജീവനക്കാർക്ക് പരിഷ്കരിച്ച വേതനം എന്നിവ നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 80.01 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതര യിനത്തിൽ 145.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-95-36—ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളേതരം

പുതുതായി ആരംഭിച്ച സർവ്വകലാശാലയ്ക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും, ഹോസ്റ്റലുകൾ പഠന വകുപ്പുകൾ എന്നിവയ്ക്കാവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും, ലൈബ്രറി പുസ്തകങ്ങളും, ജേർണലുകളും വാങ്ങുന്നതിനും മറ്റുമായി പദ്ധതിയിനത്തിൽ 20 കോടി രൂപയും, ശമ്പള ഇനത്തിലും പെൻഷൻ ഇനത്തിലുമുള്ള ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 71.435 കോടി രൂപയും പി. എഫ്., പെൻഷൻ ഫണ്ട് എന്നിവയിൽ നിക്ഷേപിക്കുവാൻ കഴിയാതെ പോയ മുൻബാധ്യതയായ 43.4126 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 43.4126 കോടി രൂപയും കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ സർവ്വകലാശാല ആവശ്യപ്പെട്ടത് 2520 ലക്ഷം രൂപയായിരുന്നു. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയത് 2250 ലക്ഷം രൂപ മാത്രമാണ്. ബാക്കിയുള്ള 270 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരയിനത്തിൽ സർവ്വകലാശാല ആവശ്യപ്പെട്ടത് 7080.81 ലക്ഷം രൂപ ആയിരുന്നു. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയത് 6016 ലക്ഷം രൂപ മാത്രമാണ്. ബാക്കിയുള്ള 1064.81 ലക്ഷം രൂപയും, 2019 മുതൽ ജീവനക്കാരുടെ ക്ഷാമബത്ത ഇനത്തിലുള്ള കുടിശ്ശിക തുക പ്രോവിഡന്റ് ഫണ്ടിലേക്ക് ലയിപ്പിക്കേണ്ടതിനാൽ 560 ലക്ഷം രൂപയും ചേർത്ത് 16.2481 കോടി രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-77—നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്)

സർക്കാർ തീരുമാനപ്രകാരം ഗവൺമെന്റ് ഗ്യാരന്റിയിൽ നുവാൽസ് വാങ്ങിയ ലോണിന്റെ പാർട്ട് റീപേയ്മെന്റിനുവേണ്ടി പദ്ധതിയിനത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

ക്ലാസ് മുറികൾ, ലൈബ്രറി, ഓഡിറ്റോറിയം എന്നിവയ്ക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ക്യാമ്പസ് വികസിപ്പിക്കുന്നതിനും പദ്ധതിയിനത്തിൽ 80 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള കുടിശ്ശിക, കെട്ടിടങ്ങളുടെയും

വാഹനങ്ങളുടെയും വാടക, ഇന്ധനം, യാത്രാബത്ത, മീറ്റിംഗ് ചെലവ്, വൈദ്യുതി, ടെലിഫോൺ, വൈസ്ചാൻസലർക്ക് പുതിയ വാഹനം വാങ്ങുന്നതിന്, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 9.31 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-99-05-1—ആർട്സ് ആന്റ് സയൻസ് കോളേജുകൾ-ഓഫീസ് ചെലവുകൾ - വെള്ളക്കരം

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കോളേജുകളിൽ വെള്ളക്കരം ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 15.5477 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2—വൈദ്യുതിചെലവ്

വിവിധ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ വൈദ്യുതി ചെലവ് കുടിശ്ശിക ആണ്. നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ പദ്ധതിയേതര യിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

06—വാടക, കരം, നികുതി

മലപ്പുറം സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക ഇനത്തിൽ 10 ലക്ഷം രൂപയോളം ചെലവ് വരുന്നതിനാൽ ആയതിലേക്ക് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-92-05-3—തിരുവനന്തപുരം ലോ കോളേജ്-ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്

കോവിഡ് കാരണം ഓൺലൈൻ ക്ലാസുകൾ കൈകാര്യം ചെയ്യാൻ എല്ലാ ക്ലാസ്സുകളിലും വൈഫൈ സൗകര്യം ബി.എസ്.എൻ.എൽ. മുഖേന ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജ് ഇനത്തിൽ അധിക തുക ആവശ്യമാണ്. ആകയാൽ ടെലിഫോൺ ചെലവിനായി പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-90—എറണാകുളം ലോ കോളേജ്

01 -4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

05 - 2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

4—മറ്റിനങ്ങൾ

34- 3—മറ്റ് ചെലവുകൾ - മറ്റിനം

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വൈദ്യുതി ചെലവുകൾ, ഓഫീസ് ചെലവുകൾ, മറ്റിനങ്ങൾ, മറ്റു ചെലവുകൾ-മറ്റിനം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-89—<u>കോഴിക്കോട് ലോ കോളേജ്</u>

അദ്ധ്യാപകർക്ക് യു.ജി.സി. പേ റിവിഷൻ നിലവിൽ വന്നതിനാലും, ജീവനക്കാരുടെ ഡി. എ. വർദ്ധനവ്, ഇൻക്രിമെന്റ്, എൽ.റ്റി.സി. ബില്ലുകൾ എന്നിവയും ടെലിഫോൺ ചെലവ് കുടിശ്ശിക വന്നതിനാലും പദ്ധതിയേതരയിനത്തിൽ 41.41 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-85—<u>തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയം ഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്</u>

നിലവിലെ പദ്ധതി വിഹിതം ഉപയോഗിച്ച് എല്ലാ സർക്കാർ കോളേജുകൾക്കും തുക അനുവദിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മാച്ചിങ്ങ് ഗ്രാന്റിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം എത്രയാണെന്ന് സമിതി ആരാഞ്ഞു. മാച്ചിങ്ങ് ഗ്രാന്റ് കേന്ദ്രഗവൺമെന്റ് ഫണ്ട് അല്ലെന്നും, എല്ലാ സർക്കാർ കോളേജുകളിലും വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ കോളേജ് ഡെവലപ്പ്മെന്റ് കമ്മിറ്റിയുണ്ടെന്നും, പ്രസ്തുത ആവശ്യത്തിനായി സി.ഡി.സി. (കോളേജ് ഡെവലപ്മെന്റ് കമ്മിറ്റി) ഫണ്ട് ഇനത്തിൽ തുക വാങ്ങുന്നുണ്ടെന്നും, അതിന്റെ തുല്യമായ തുകയാണ് സർക്കാരിൽ നിന്നും ലഭിക്കുന്നതെന്നും എല്ലാ വർഷവും ബഡ്ജറ്റ് വിഹിതം 50 ലക്ഷം രൂപയായതുകൊണ്ട് റൂറൽ എരിയയിലുള്ള കോളേജുകൾക്ക് മാത്രമാണ് കൊടുക്കാൻ സാധിക്കുന്നതെന്നും, ചട്ടപ്രകാരം എല്ലാ കോളേജുകൾക്കും തുല്യ തുകകൊടുക്കണമെന്നും ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 1 കോടി രൂപ അധികമായി അനുവദിച്ചാൽ മാത്രമേ 75 കോളേജുകളിലെ സി.ഡി.സി. ഫണ്ടിലേയ്ക്ക് തുക കൊടുക്കാൻ സാധിക്കുകയുള്ളുവെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിച്ചു.

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

01-1—ശമ്പളം - ശമ്പളം

2—ക്ഷാമബത്ത

3—വീട്ടുവാടക അലവൻസ്

5—മറ്റ് അലവൻസുകൾ

02-3—വേതനം - മറ്റ് അലവൻസുകൾ

5—ദിവസവേതനം

05-3—ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്.

യു.ജി.സി. ശമ്പള പരിഷ്കരണ തുക നൽകേണ്ടതിനാൽ ശമ്പളം ഇനത്തിൽ 75 ലക്ഷം രൂപയും, ക്ഷാമബത്ത ഇനത്തിൽ 30 ലക്ഷം രൂപയും, വീട്ടുവാടക അലവൻസ് ഇനത്തിൽ 2 ലക്ഷം രൂപയും, മറ്റ് അലവൻസുകൾ ഇനത്തിൽ 1 ലക്ഷം രൂപയും വികലാംഗ യാത്രാബത്ത നൽകേണ്ടതിനാൽ മറ്റ അലവൻസുകൾ ഇനത്തിൽ 10,000 രൂപയും, ശമ്പള കുടിശ്ശിക തുക നൽകേണ്ടതിനാൽ ദിവസവേതനം ഇനത്തിൽ 20 ലക്ഷം രൂപയും ബി.എസ്.എൻ.എൽ-ന്റെ ബ്രോഡ്ബാന്റ് കണക്ഷൻ തുക നൽകേണ്ടതിനാൽ ടെലിഫോൺ ചെലവ് ഇനത്തിൽ 50,000 രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 1.2860 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-103-57—<u>രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ</u>

(ആർ.യു.എസ്.എ) (60%സി.എസ്.എസ്)

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്രവിഹിതമായ 156 കോടി രൂപ ലഭിക്കാനുണ്ട്. സംസ്ഥാന വിഹിതമായ 115.67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതി മുമ്പാകെ സമർപ്പിച്ച കുറിപ്പുകളിലെ ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ലക്ഷത്തിൽ അല്ലെങ്കിൽ കോടിയിൽ എഴുതുന്നതാണ് അഭികാമ്യമെന്ന് സമിതി നിർദ്ദേശിച്ചു.

2202-03-103-56—<u>ഹയർ എഡ്യൂക്കേഷൻ കൗൺസിൽ</u>

പുതിയ പദ്ധതികളും പ്രോഗ്രാമുകളും വിഭാവനം ചെയ്യുന്നതിനും ഇ-ജേർണൽ കൺസോർഷ്യം, അദ്ധ്യാപക പരിശീലന പരിപാടി (FDP), ആസ്ഥാന മന്ദിര നിർമ്മാണം എന്നിവയ്ക്കുമായി പദ്ധതിയിനത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-03-105-97—<u>അധിക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ. എസ്. എ. പി.)</u>

ഏഴ് സ്കിൽ പാർക്കുകളുടെ നിർമ്മാണം, പരിപാലനം, അസാപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലനം, മറ്റു ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 83.3104 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-04-001-93 —<u>തുടർ വിദ്യാഭ്യാസ കേന്ദ്രം</u>

കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാറിന്റെ ശമ്പള ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പാലക്കാട് സിവിൽ സർവ്വീസ് അക്കാദമിയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ഇതുവരെയും തുടങ്ങിയിട്ടില്ലെന്നും, തുടക്കത്തിൽ നിർമ്മിച്ചു നൽകിയ ക്ലാസ് മുറികളല്ലാതെ മറ്റൊരു വികസന പ്രവർത്തനങ്ങളും അവിടെ നടന്നിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. രണ്ടാംഘട്ട വികസന പ്രവർത്തനത്തിന് വേണ്ടിയുള്ള ഫണ്ട് നിലവിലില്ലെന്നും, തനതുഫണ്ട് വിനിയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും സിവിൽ സർവ്വീസ് അക്കാദമിയിലേയ്ക്ക് ഈ വർഷം കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടുകയാണെങ്കിൽ ആ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജ്, പോളിടെക്നിക്ക് എന്നീ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിച്ചു.

2203-00-001-93—<u>വകുപ്പിന്റെ ശക്തിപ്പെടുത്തൽ</u>

എസ്.ബി.ടി.ഇ. പ്രവർത്തനങ്ങൾക്കും പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലേക്കും അധിക തുക ആവശ്യമാണ്. ആകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-102-99—<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)</u>

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും

വാങ്ങുന്നതിനും പദ്ധതിയിനത്തിൽ 1 കോടി രൂപയും പ്രവേശനപരീക്ഷാ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയ ഇനങ്ങളിലെ ഗണ്യമായ വർദ്ധനവും ആഭ്യന്തര വരുമാനത്തിലെ കുറവും, യു.ജി.സി. പേ റിവിഷന്റെ ബാദ്ധ്യതയും, പെൻഷനേഴ്സിന്റെയും നിലവിലുള്ള ജീവനക്കാരുടെയും ഡി.എ. റിവിഷൻ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക അനദ്ധ്യാപക ഒഴിവുകൾ നികത്തുന്നതും കണക്കിലെടുത്ത് പദ്ധതിയേതരയിനത്തിൽ 65 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-102-97—<u>കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും, യൂണിവേഴ്സിറ്റി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 412 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സഹായധനം– ശമ്പളം എന്ന ഉപശീർഷകം 31-ൽ ശമ്പളച്ചെലവുകൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ പ്രസ്തുത ശീർഷകത്തിൽ 11 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

ഭരണ വിഭാഗത്തിലെ ആവർത്തന ചെലവുകൾക്കായി 9.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-104-95 -31—<u>വ്യാവസായിക സ്കൂളുകൾ - സഹായധനം-ശമ്പളം</u>

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകർക്ക് മുൻവർഷത്തെ ഗ്രാന്റ് ഇൻ എയ്ഡ് കുടിശ്ശിക, 2021-22 വർഷത്തെ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് എന്നിവ നൽകാനായി 6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-81-34-1—<u>പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ-മറ്റു ചെലവുകൾ-വെള്ളക്കരം</u>

ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പൈനാവ് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് എന്നിവയുടെ വെള്ളക്കരം അടയ്ക്കുന്നതിന് നിലവിലെ വിഹിതം

അപര്യാപ്തമായതിനാൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-81-34-2—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ-മറ്റുചെലവുകൾ-വൈദ്യുതി ചെലവ്

ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പൈനാവ് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് എന്നിവയുടെ വൈദ്യുതി ചാർജ് ഒടുക്കുന്നതിന് 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-61—കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

36—സഹായധനം - ശമ്പളേതരം

കോട്ടയം സയൻസ് സിറ്റിയുടെ പദ്ധതി രണ്ട് വർഷത്തിനകം പൂർത്തീകരിക്കുന്നതിനായി പദ്ധതിയിനത്തിൽ 10 കോടി രൂപ അധികമായും ജീവനക്കാരുടെ ശമ്പളം, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, വൈദ്യുതി, വെള്ളം തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 39.279 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-112-60—ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.)

31—സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം - ശമ്പളേതരം

ഐ.എച്ച്.ആർ.ഡി.-യുടെ വരുമാനം വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് മാത്രമാണ്. പ്രസ്തുത തുക സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യവികസനം, ജീവനക്കാരുടെ ശമ്പളം, ശമ്പളേതര-ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 8.55 കോടി രൂപയും പദ്ധതിയേതരയിനത്തിൽ ശമ്പളം, ശമ്പളേതരം എന്നീ ചെലവുകൾക്കായി യഥാക്രമം 84.1832 കോടി രൂപയും 4.2541 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഐ.എച്ച്.ആർ.ഡി.-യിൽ കഴിഞ്ഞ 10 വർഷമായി ഫീസ് വർദ്ധിപ്പിച്ചിട്ടില്ലെന്നും, പ്രൈവറ്റ്/സ്വാശ്രയ ഫിനാൻസിംഗ് കോളേജുകളിലുള്ളതിനേക്കാൾ ഫീസ് വളരെയധികം കുറവാണെന്നും, ജീവനക്കാർക്ക് കാലാകാലങ്ങളായി ഡി.എ., ഇൻക്രിമെന്റ്,

മറ്റാനുകൂല്യങ്ങൾ തുടങ്ങിയവ നൽകുന്നത് AICTE/UGC മുതലായ റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ അടിസ്ഥാനത്തിലാണെന്നും എല്ലാവർഷവും ചെലവ് കൂടുതലായി വരുന്നുണ്ടെന്നും, വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നില്ലെന്നും, ആയതാണ് ഐ.എച്ച്.ആർ.ഡി. നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു.

2203-00-112-58 -35—<u>എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി.-ക്ക് ഭൂമി ഏറ്റെടുക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി പദ്ധതിയിനത്തിൽ 23 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിനായി 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-800-91—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം -ധനസഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മൾട്ടി മീഡിയ അക്കാദമി സ്ഥാപിക്കുന്നതിനും, സ്ഥാപനത്തിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും പദ്ധതിയിനത്തിൽ 11 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2203-00-800-76—<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ആസ്തി പുനരുദ്ധാരണം - ആസ്തി പുനരുദ്ധാരണ ഫണ്ടിൽ നിന്നും ചെലവ് വഹിക്കൽ</u>

സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ പോളിടെക്നിക്കുകളുടെ ആസ്തി വികസനത്തിനായി 6.1456 കോടി രൂപയുടെ ഭരണാനുമതി ഈ വകുപ്പിന് നൽകിയിരിക്കുന്നു. ആയതിനാൽ സർക്കാർ പോളിടെക്നിക്കുകളുടെ ആസ്തിവികസനത്തിനായി 6.1456 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-101-99-34-3—<u>സംഗീത കോളേജുകൾ-മറ്റു ചെലവുകൾ - മറ്റിനം</u>

എസ്.എം.വി. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നുവരുന്ന പാർട്ട് ടൈം കഥാപ്രസംഗ കോഴ്സിലെ കലാകാരന്മാരുടെ വേതനത്തിനായി 4 ലക്ഷം രൂപ ആവശ്യമായതിനാൽ പദ്ധതിയേതരയിനത്തിൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31—<u>സഹായധനം - ശമ്പളം</u>

(i) ശമ്പളം, പെൻഷൻ, ക്ഷാമബത്ത, ശമ്പള പെൻഷൻ പരിഷ്കരണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 3.3364 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

(ii) കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് പദ്ധതിയിനത്തിൽ 65 ലക്ഷം രൂപയും ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ്, കെട്ടിട ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 9 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4202-02-104-99—<u>പോളിടെക്നിക്കുകൾ - കെട്ടിടങ്ങൾ</u>

അക്രഡിറ്റേഷന്റെ ഭാഗമായുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 7.70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4202-02-105-81—<u>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെയും വികസനം</u>

മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം മുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 8 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4202-03-800-91—<u>എൻ.സി.സി. കെട്ടിട നിർമ്മാണം</u>

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തിരുവനന്തപുരം ഹെഡ്ക്വാർട്ടേഴ്സിന്റെ സ്ഥിര പരിശീലന കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം നിർമ്മിക്കുന്നതിനും ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ വെളിയനാട് വില്ലേജിൽ 5 കേരള നേവൽ യൂണിറ്റിനും 300 കേഡറ്റുകൾക്കും താമസിച്ച് ജലത്തിലെ മാത്രം പരിശീലനം നൽകുന്ന

നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ്, നേവൽ ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാകയാൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-101-99-01-4—ലോവർ പ്രൈമറി സ്കൂളുകൾ - ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 2542 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 20235 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-101-98-01-4—അപ്പർ പ്രൈമറി സ്കൂളുകൾ-ശമ്പളം-മെഡിക്കൽ-റീ ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 953 ഗവൺമെന്റ് അപ്പർപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 17069 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-102-99-01-4—ടീച്ചിംഗ് ഗ്രാന്റ് - ശമ്പളം - മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 65746 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-102-93-02-4—പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം-വേതനം-കൺസോളിഡേറ്റഡ് പേ

പി.ടി.എ.-യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.0804 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-104-99-01-4—<u>പരിശോധന-ശമ്പളം-മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്</u>

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ 1606 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആകയാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-111-96-03—<u>സർവ്വശിക്ഷാ അഭ്യാൻ പ്രോജക്ട് -സമഗ്രശിക്ഷ അഭ്യാൻ സംസ്ഥാനത്തിന്റെ അധിക ധനസഹായം</u>

കേരളത്തിലെ സമഗ്ര ശിക്ഷയുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകൾക്കായി 15 വർഷം മുൻപ് നിർമ്മിച്ച കെട്ടിടങ്ങളുടെ നവീകരണത്തിന് ഒരു ബി.ആർ.സി.-ക്ക് 5 ലക്ഷം രൂപ ക്രമത്തിൽ നൽകുന്നതിന് 8.40 കോടി രൂപയും, സമഗ്രശിക്ഷാ അഭ്യാന്റെ കീഴിലുള്ള 50 ഓട്ടിസം സെന്ററുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരണത്തിനും ഒരു സെന്ററിന് 3 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് 1.50 കോടി രൂപയും ചേർത്ത് 9.90 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-112-90-01—<u>ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം)-കേന്ദ്ര വിഹിതം</u>

പാചക തൊഴിലാളികളുടെ പ്രതിദിന ഓണറേറിയത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയതിനാലും അരിയുടെ വില, അരിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്, പ്രൈമറി വിഭാഗം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പാചകച്ചെലവ് എന്നിവ മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.184 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-112-90-02—<u>ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം</u>

പാചക തൊഴിലാളികളുടെ പ്രതിദിന ഓണറേറിയത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയതിനാലും അരിയുടെ വില, അരിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്, പ്രൈമറി വിഭാഗം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പാചകച്ചെലവ് എന്നിവ മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.03 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-112-89—ഉച്ചഭക്ഷണ പദ്ധതി- സംസ്ഥാനത്തിന്റെ അധിക സഹായം

പാചക തൊഴിലാളികളുടെ പ്രതിദിന ഓണറേറിയത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയതിനാലും അരിയുടെ വില, അരിയുടെ ട്രാൻസ്‌പോർട്ടേഷൻ ചാർജ്, പ്രൈമറി വിഭാഗം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പാചകച്ചെലവ് എന്നിവ മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.409 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-191-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ-കോർപ്പറേഷനുകൾക്കുള്ള സഹായം

കോർപ്പറേഷൻ മുഖേന പ്രൈമറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. ആകയാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 21.82 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-192-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ-മുനിസിപ്പാലിറ്റികൾക്കുള്ള സഹായം

മുനിസിപ്പാലിറ്റി മുഖേന പ്രൈമറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. ആകയാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 75.80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-196-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ-ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം

ജില്ലാ പഞ്ചായത്ത് മുഖേന പ്രൈമറി സ്കൂളുകളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. ആകയാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 39.88 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-01-198-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ-വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം

ഗ്രാമപഞ്ചായത്ത് മുഖേന പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിക്കാത്തതിനാൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 3.0070 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-001-99-06—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ-വാടക, കരം, നികുതി

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വസതിയുടെ വാടകയുമായി ബന്ധപ്പെട്ട് മാസം 20,000 രൂപ വീതം വാടക ഇനത്തിൽ നൽകേണ്ടതിനാൽ 48,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-001-98-01-4—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ 1146 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകേണ്ടതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-001-92—ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്

ഹയർ സെക്കണ്ടറി വകുപ്പിലെ ഏഴ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ടെലിഫോൺ, ഇലക്ട്രിസിറ്റി, റെന്റ്, ടൂർ ടി.എ., വെഹിക്കിൾ ഫ്യുവൽ, ഡെയ്‌ലി വേജസ് എന്നീ ഇനങ്ങളിലെ ചെലവുകൾ അധികരിക്കുന്നതിനാൽ 5.7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-101-99-01-4—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ-പരിശോധന-ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-108-99—പരീക്ഷാവിഭാഗം

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട് തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയ ഇനത്തിൽ ചെലവായ തുക "മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം നൽകുന്നതിനും 2018 മുതലുള്ള പരീക്ഷകളുടെ നടത്തിപ്പിനായി കണ്ടിജൻസി ഇനത്തിലുള്ള കുടിശ്ശിക തുകകൾ "തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള

ചെലവുകൾ" എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിനായും, വെള്ളക്കരം, അവധി യാത്രാനുകൂല്യം, വാടക, കരം, നികുതി എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.07 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-99-01-4 —സെക്കണ്ടറി സ്കൂളുകൾ-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ 1006 ഗവ. സെക്കണ്ടറി സ്കൂളുകളിലെ 23881 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-86-01-4—ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ (പ്ലസ് ടു കോഴ്സ്) - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-74—ഹയർ സെക്കണ്ടറി വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൗഹൃദ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും, സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് പ്രാഥമിക പരിശീലനം നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-70 —സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരുടെ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-69 —സ്കൂൾ വിദ്യാഭ്യാസം- അടിസ്ഥാന സൗകര്യം

1000 സർക്കാർ സ്കൂളുകൾക്ക് 5,00,000 രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-109-63—<u>സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി</u>

നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനും ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതിനും അപര്യാപ്തമായതിനാൽ 2.33 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-110-99-01-4—<u>ടീച്ചിംഗ് ഗ്രാന്റ്-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

1429 എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരും ഇതര ജീവനക്കാരുമായ 37894 പേരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-110-94—<u>എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്</u>

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-191-50—<u>റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ- മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം</u>

കോർപ്പറേഷൻ മുഖേന സെക്കണ്ടറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-192-50—<u>റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ- മുനിസിപ്പാലിറ്റികൾക്കുള്ള സഹായം</u>

മുനിസിപ്പാലിറ്റികൾ മുഖേന സെക്കണ്ടറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 52.84 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2202-02-196-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ- ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം

ജില്ലാപഞ്ചായത്തുകൾ മുഖേന സെക്കണ്ടറി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക ട്രഷറി നിയന്ത്രണങ്ങളാൽ മാറി എടുക്കാൻ സാധിച്ചിട്ടില്ല. കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.137 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സ്വകാര്യ സകൂളുകളിൽ റെഗുലർ ക്ലാസുകളില്ലാതിരുന്നിട്ടും മുൻവർഷങ്ങളിലെ ഫീസ് തന്നെ തുടരുന്നുവെന്ന വ്യാപക പരാതിയിന്മേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ യെന്ന് സമിതി ആരാഞ്ഞു. തദവസരത്തിൽ ബഹു. സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഇതു സംബന്ധിച്ച് കേസുകൾ നിലവിലുണ്ടെന്നും, കേരളത്തിൽ സ്വകാര്യ സ്കൂളുകളിലെ ഫീസ് നിയന്ത്രിക്കുന്നതിന് നിലവിൽ നിയമമില്ലെന്നും എ.ഇ.ഒ./ ഡി.ഇ.ഒ. തലത്തിൽ മുൻവർഷങ്ങളിലെ ഫീസും കോവിഡ് വന്നതിനു ശേഷമുള്ള ഫീസും താരതമ്യം ചെയ്യണമെന്ന് ഹൈക്കോടതി അറിയിച്ചിട്ടുണ്ടെന്നും ഡി.ജി.ഒ. സമിതിയെ അറിയിച്ചു.

സ്വകാര്യ സ്കൂളുകളിൽ നിന്ന് സർക്കാർ സ്കൂളുകളിലേയ്ക്ക് കുട്ടികളെ മാറ്റുന്നതിന് നിശ്ചിത തുക നൽകിയാൽ മാത്രമേ ടി. സി. നൽകുന്നുള്ളൂവെന്ന വ്യാപക പരാതിയുണ്ടെന്ന് സമിതി അറിയിച്ച അവസരത്തിൽ അതിന് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്നും 8-6-2021-ലെ ഉത്തരവുപ്രകാരം സ്വകാര്യ സ്കൂളുകളിൽ നിന്ന് വിടുതൽ വാങ്ങുന്ന 1 മുതൽ 8-ാം ക്ലാസു വരെയുള്ള കുട്ടികൾക്ക് ടി.സി. ഇല്ലാതെ തന്നെ പൊതു വിദ്യാലയങ്ങളിൽ അഡ്മിഷൻ നേടാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2202-80-004-91-36—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി. ഇ. ആർ.റ്റി.)-സഹായധനം- ശമ്പളേതരം

കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായി പാഠപുസ്തകങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള അനുബന്ധ വായനാ സാമഗ്രികളുടെ 'ശ്രുതി പാഠം' (ആഡിയോ ടെക്സ്റ്റ്) വികസിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും ശ്രവണ പരിമിതർക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ ഏകീകൃത ആംഗ്യഭാഷയിൽ (ഇന്ത്യൻ സൈൻ ലാംഗ്വേജ്) പഠനവിനിമയം നടത്തുന്നതിന് അദ്ധ്യാപക ശാക്തീകരണത്തിനായി 20 ലക്ഷം രൂപയും ബുദ്ധിപരിമിതരായ കുട്ടികൾക്കുള്ള സവിശേഷ വിദ്യാലയങ്ങളിൽ 2021-22 അക്കാദമിക വർഷം ഓൺലൈൻ പഠനത്തിനുള്ള സംവിധാനം നൽകുന്നതിനായി മൊബൈൽ ആപ്ലിക്കേഷനും അതിനാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നതിനുമുള്ള ഫണ്ടിനായി 150 ലക്ഷം രൂപയും ചേർത്ത് ആകെ ഈ ശീർഷകത്തിൽ 2.20 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2008-09 മുതൽ ശമ്പള ഇനത്തിൽ തുക അനുവദിക്കാത്തതിനാലും, ബിംസ് നടപ്പിലായതിനുശേഷം പദ്ധതിയേതര ചെലവുകൾക്കായി പദ്ധതി ഫണ്ട് ഉപയോഗിക്കാൻ കഴിയാത്തതിനാലും, തനതുഫണ്ട് കമ്മി ആയതിനാലും എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ 2021-22 വർഷത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ശമ്പള ഇനത്തിൽ 850 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി 50 ലക്ഷം രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭിന്നശേഷിയുള്ള കുട്ടികളെ പൊതുവിദ്യാലയങ്ങളിൽത്തന്നെ പഠിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ടെന്നും, മറ്റ് സ്കൂളുകളിൽ പഠിപ്പിക്കുന്നതുകൊണ്ട് അത്തരത്തിലുള്ള കുട്ടികൾ സമൂഹത്തിലുണ്ടെന്ന ചിന്ത സാധാരണ വിദ്യാലയങ്ങളിലെ കുട്ടികൾക്കുണ്ടാകുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഇൻക്ലൂസീവ് എഡ്യൂക്കേഷൻ നടപ്പാക്കുന്നുണ്ടെന്നും, പ്രത്യേക വിദ്യാഭ്യാസം നൽകുന്നതിനാൽ മറ്റ് കുട്ടികൾക്ക് ഇവരെ അറിയാനോ ഇവർക്ക് മറ്റ് കുട്ടികളുമായി ചേർന്ന് പോകുന്നതിനോ സാധിക്കുന്നില്ലെന്നും, പ്രത്യേക ശ്രദ്ധ ലഭിക്കുന്നതിനാണ് ഭിന്നശേഷിയുള്ള കുട്ടികളെ സ്പെഷ്യൽ സ്കൂളുകളിൽ രക്ഷകർത്താക്കൾ ചേർക്കുന്നതെന്നും സമഗ്രശിക്ഷാ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇത്തരത്തിൽപ്പെട്ട കുട്ടികളെക്കൂടി ചേർത്ത് നിർത്തണമെന്നും പൊതുവിദ്യാലയങ്ങളിൽ അവർക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനുള്ള സംവിധാനം ഒരുക്കുകയും വേണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്നും, അത്തരം വിദ്യാലയങ്ങളെപ്പറ്റി ഒരു റിപ്പോർട്ട് തയ്യാറാക്കുകയും മുഖ്യധാരാ സ്കൂളുകളിൽ ഇത്തരം കുട്ടികൾക്ക് മുൻഗണന നൽകുന്നതിനുള്ള സംവിധാനമൊരുക്കുകയും വേണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിഫറന്റ്‌ലി ഏബിൾഡ് ചിൽഡ്രൻ എന്ന കേന്ദ്ര സർക്കാർ സ്കീമുണ്ടെന്നും, വൈകല്യം ബാധിച്ച കുട്ടികളെ ഒരിക്കലും മറ്റുള്ളവരുമായി ചേർക്കാൻ സാധിക്കില്ലെന്നും, എന്നാൽ ഓട്ടിസം, പഠനവൈകല്യം, ഡൗൺസിൻഡ്രോം തുടങ്ങിയ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ 10-ാം ക്ലാസാകുമ്പോൾ മറ്റ് കുട്ടികളുടെ നിലവാരത്തിലേയ്ക്കെത്തും എന്നും അത്തരം കുട്ടികളെ പഠിപ്പിക്കുന്നതിന് സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നുണ്ടെന്നും എസ്.എസ്.കെ.-യാണ് അതിന്റെ ഫണ്ട് വഹിക്കുന്നതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

Inclusive Education Concept ആണ് തുടരുന്നതെന്നും , ഭിന്നശേഷിയുള്ള കുട്ടികളെ അക്കാദമിക്കായും ശാരീരികമായും സപ്പോർട്ട് കൊടുക്കുന്നതിനാണ് സ്പെഷ്യൽ

എഡ്യൂക്കേറ്റേഴ്സിനെ നിയമിക്കുന്നതെന്നും, എല്ലാ വിദ്യാലയങ്ങളിലേയ്ക്കും ഈ അദ്ധ്യാപകരെ നിയമിക്കാനുള്ള പ്രൊവിഷൻ ഇപ്പോഴില്ലെന്നും, കേരളത്തിൽ 2800-ഓളം അദ്ധ്യാപകർ മാത്രമാണ് ഇത്തരം കുട്ടികളെ പഠിപ്പിക്കാനുള്ളതെന്നും ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക രണ്ട് വിദ്യാലയങ്ങളിൽ പോകേണ്ടതായിവരുമെന്നും സമഗ്രശിക്ഷ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഇതുകൂടാതെ റിസോഴ്സ് സെന്ററുകൾ വഴി ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കേരളത്തിൽ സമഗ്രശിക്ഷാ കേരളയുടെ ഭാഗമായി 168 ഓട്ടിസം സെന്ററുകളുണ്ടെന്നും, ഇത്തരം സെന്ററുകളിൽ ഓട്ടിസം ബാധിച്ചതും ഫിസിയോതൊറാപ്പി, സൗണ്ട്തെറാപ്പി ചെയ്യേണ്ടതുമായ കുട്ടികൾക്ക് പിന്തുണ കൊടുക്കുന്നുണ്ടെന്നും, മുഖ്യധാരയിലേയ്ക്ക് വരാൻ ബുദ്ധിമുട്ടുള്ള കുട്ടികളാണ് ബഡ്സ് സ്കൂളുകളിലേയ്ക്കും സ്പെഷ്യൽ സ്കൂളുകളിലേയ്ക്കും പോകുന്നതെന്നും സമഗ്രശിക്ഷാ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

ഇക്കാര്യത്തിൽ മാനവശേഷി മന്ത്രാലയമാണ് നയം രൂപീകരിച്ചതെന്നും, മൈനർ ഡിസോർഡേഴ്സുള്ളവരെ റെഗുലർ സ്കൂളുകളിലെ വിദ്യാർത്ഥികളോടൊപ്പം സ്പെഷ്യൽ കോച്ചിംഗ് കൊടുക്കുകയും മറ്റുള്ളവരെ ബഡ്സ് സ്കൂളുകളിലേയ്ക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നതെന്നും, ഭിന്നശേഷിയുള്ള കുട്ടികൾ വിവിധ കാറ്റഗറിയിൽ ഉൾപ്പെടുന്നവരാണെന്നും, ആയതിനാൽ ഇത്തരത്തിലുള്ള കുട്ടികളെ പരിശീലിപ്പിക്കാൻ കഴിയുന്ന 4-5 അദ്ധ്യാപകരെങ്കിലും സ്പെഷ്യൽ സ്കൂളുകളിലുണ്ടാകുമെന്നും സമഗ്രശിക്ഷാ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

പ്രസ്തുത വിഷയം പഠനവിധേയമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ലഭ്യമാക്കുന്ന സൗജന്യ ഭക്ഷ്യക്കിറ്റ് സ്പെഷ്യൽ സ്കൂളുകളിലെ പഠിതാക്കൾക്കും കൂടി ലഭ്യമാക്കുന്നതിന് 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

റെസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷ്യക്കിറ്റ് ലഭിക്കുന്നില്ലെന്ന വിഷയത്തിൽ എന്ത് ചെയ്യാൻ സാധിക്കും എന്ന് സമിതി ആരാഞ്ഞതിന് കേന്ദ്ര സർക്കാരിന്റെ 60 ശതമാനവും സംസ്ഥാന സർക്കാരിന്റെ 40 ശതമാനവും ഫണ്ട് ഉപയോഗിച്ചാണ് ഉച്ചഭക്ഷണം കൊടുക്കുന്നതെന്നും ഇവർ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതുകൊണ്ടാണ് ഈ പദ്ധതിയിൽ ഉൾപ്പെടാതെ പോയതെന്നും, സമഗ്രശിക്ഷാ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

സ്പെഷ്യൽ സ്കൂളുകളിലെ പഠിതാക്കൾക്ക് സ്കൂളുകളിലേക്ക് സൗജന്യ യാത്രാസൗകര്യം ഏർപ്പെടുത്തണമെന്ന സമിതി ശക്തമായി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1 മണിക്ക് പിരിഞ്ഞു.

## 2. 22-6-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ജൂൺ 22-ാം തീയതി, ചൊവ്വാഴ്ച, ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രിയുമായ ശ്രീ. സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാക്കളായ ബഹു. കായികം വഖഫ് ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ എന്നിവർ ഹാജരായിരുന്നു. ബഹു. മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി ഗൂഗിൾ മീറ്റിലൂടെയും പങ്കെടുത്തു. താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. കെ. എം. സച്ചിൻദേവ്
4. ശ്രീ. എം. വിജിൻ.

<u>ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത അംഗങ്ങൾ</u> :

1. ശ്രീ. മുഹമ്മദ് മുഹസിൻ
2. ശ്രീ. ഷാഫി പറമ്പിൽ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, പുരാവസ്തു/പുരാരേഖാ മ്യൂസിയം വകുപ്പ്
2. ശ്രീമതി റാണി ജോർജ്, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്
3. ശ്രീമതി ബി. ആർ. യമുന, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

4. ശ്രീ. രജികുമാർ ജെ., ഡയറക്ടർ, പുരാരേഖാ വകുപ്പ്

5. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ്

6. ശ്രീ. എസ്. അബു, ഡയറക്ടർ, മ്യൂസിയം-മൃഗശാല വകുപ്പ്

7. ശ്രീ. അജിത് കെ. ജോസഫ്, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്

8. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

9. ശ്രീമതി കെ. എസ്. ബിന്ദു, അഡീഷണൽ ഡയറക്ടർ, കായിക യുവജനകാര്യ ഡയറക്ടറേറ്റ്

10. ശ്രീ. അജിത്ബാബു ആർ., ഡെപ്യൂട്ടി ഡയറക്ടർ, സാംസ്കാരിക കാര്യ വകുപ്പ്

11. ഡോ. രാധാമണി എം. പി., ഡെപ്യൂട്ടി ഡയറക്ടർ, സാംസ്കാരിക കാര്യ വകുപ്പ്

12. ശ്രീ. അജയ് സി., സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

13. ശ്രീ. ആർ. ചന്ദ്രൻപിള്ള, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള മ്യൂസിയം

14. ശ്രീ. എസ്. ഭൂപേഷ്, കൺസർവേഷൻ എഞ്ചിനീയർ, പുരാവസ്തു വകുപ്പ്

15. ശ്രീ. ജയ്കുമാർ എസ്., കൺസർവേഷൻ ഓഫീസർ, പുരാവസ്തു വകുപ്പ്

16. ശ്രീമതി മായ എൻ., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

17. ശ്രീ. സജിത് സി. സി., പ്രോഗ്രാം മാനേജർ (ഫിനാൻസ്), കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

18. ശ്രീ. സന്തോഷ് ജേക്കബ്, ട്രഷറർ, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

19. ശ്രീ. ജോസഫ് സക്കറിയ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ആർക്കൈവ്സ്

20. ശ്രീ. നവാസുകുട്ടി കെ., സെക്ഷൻ ഓഫീസർ, ജി.എ.ഡി., ഗവൺമെന്റ് സെക്രട്ടേറിയറ്റ്

21. ശ്രീമതി ഷീജ പി. കെ., ഫിനാൻസ് ഓഫീസർ, മ്യൂസിയം ഡയറക്ടറേറ്റ്

22. ശ്രീ. പ്രമോദ് പയ്യന്നൂർ, മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ.

ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു :

1. ഡോ. ഷർമിള മേരി ജോസഫ്, സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
2. ശ്രീ. ജെറോമിക് ജോർജ്, ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്
3. ശ്രീ. മോഹനൻ ചേരുക്കാട്ട്, സെക്രട്ടറി, കേരള സാഹിത്യ അക്കാദമി
4. ശ്രീ. കീച്ചേരി രാഘവൻ, സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി
5. ശ്രീ. ബാലൻ പി. വി., സെക്രട്ടറി, ലളിതകലാ അക്കാദമി
6. ശ്രീ. സുദർശൻ കുന്നത്തുകാൽ, സെക്രട്ടറി, ഗുരുഗോപിനാഥ് നടനഗ്രാമം
7. ശ്രീ. ശ്രീനാഥ് കെ. വി., രജിസ്ട്രാർ, ഹിൽപാലസ് മ്യൂസിയം (ഇൻ-ചാർജ്)
8. ശ്രീ. കാർത്തികേയൻ നായർ, ഡയറക്ടർ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ (ഇൻ-ചാർജ്)
9. ഡോ. ബി. സുഗീത, ഡയറക്ടർ, അന്തർദേശീയ ശ്രീനാരായണഗുരു പഠനകേന്ദ്രം
10. ശ്രീ. ശിവകുമാർ, മെമ്പർ സെക്രട്ടറി, യൂത്ത് വെൽഫെയർ ബോർഡ്.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നം. XVII-ന്റെ കീഴിൽ വരുന്ന കായിക യുവജനകാര്യം, സാംസ്കാരികകാര്യം, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. ആയവ ചുവടെ ചേർക്കുന്നു.

## കായിക യുവജനകാര്യ വകുപ്പ്

2204-00-001-99-04-1—കായിക യുവജനകാര്യ ഡയറക്ടറേറ്റ്- യാത്രാചെലവുകൾ - യാത്രാബത്ത

ടി. എ. അനുവദിച്ചുനൽകുന്നതിന് 2.63 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവിനായി ബഡ്ജറ്റിൽ അനുവദിച്ച തുക മതിയാകാത്ത സാഹചര്യത്തിൽ 69,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2204-00-103-68—<u>കേരള സംസ്ഥാന യൂത്ത് കമ്മീഷൻ</u>

31—<u>സഹായധനം-ശമ്പളം</u>

ജീവനക്കാരുടെ പുതുക്കിയ ശമ്പളം, ശമ്പളപരിഷ്കരണ കുടിശ്ശിക, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, അംഗങ്ങളുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

36—<u>സഹായധനം - ശമ്പളേതരം</u>

പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പ്-അദാലത്തുകൾ, ഗ്രീൻ സോൺ പദ്ധതി, പാർശ്വവത്കൃത യുവജനങ്ങളുടെ ആരോഗ്യ പരിപാലനം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കമ്മീഷൻ ചെയർപേഴ്സൺ/സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങൾ നിരന്തരം അറ്റകുറ്റപ്പണികൾക്ക് വിധേയമാകുന്നതിനാൽ പകരം പുതിയ വാഹനം വാങ്ങുന്നതിനും/ഹയർ ചെയ്യുന്നതിനും കമ്പ്യൂട്ടർ, പ്രിന്റർ, ലാപ് ടോപ്പുകൾ ഇവ വാങ്ങുന്നതിനും ഓഫീസിലെ ഉപയോഗശൂന്യമായ എ.സി.-കൾ മാറ്റുന്നതിനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2204-00-103-98-31—<u>യൂത്ത് വെൽഫയർ ബോർഡ്- സഹായധനം - ശമ്പളം</u>

സ്ഥിരം ജീവനക്കാരുടെയും, ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, യാത്രാബത്ത എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള സംസ്ഥാന യൂത്ത് വെൽഫയർ ബോർഡിലെ അംഗങ്ങൾക്ക് സിറ്റിംഗ് അലവൻസിന് പുറമേ ഓണറേറിയം കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2204-00-104-97-31—<u>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം - സഹായധനം - ശമ്പളം</u>

2020-21 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി.എ., ഡി.എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നൽകുന്നതിനും, 9-ാം ശമ്പള കമ്മീഷൻ പ്രകാരം കാലാ കാലങ്ങളിൽ അനുവദിച്ച് നൽകിയിരുന്ന ഡി.എ.യുടെ കുടിശ്ശിക തുകകൾ ജീവനക്കാർക്ക് അനുവദിക്കുന്നതിനും, അതുപോലെ 10-ാം ശമ്പള കമ്മീഷന്റെ 62 മാസങ്ങളിലെ കുടിശ്ശിക ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതിനും, 10-ാം ശമ്പള കമ്മീഷൻ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 16.1421 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

35 —<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിനും കായികതാരങ്ങൾക്ക് ഗുണമേന്മയേറിയ ഭക്ഷണം, താമസസൗകര്യം, കായിക പരിശീലനത്തിനുള്ള മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും വേണ്ടി പദ്ധതിയിനത്തിൽ 6.16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ മിക്ക പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ ഇല്ല എന്ന് സമിതി മനസ്സിലാക്കിയതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾക്കായി ആവശ്യമായ തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്ക് ലഭിക്കുന്ന ഗ്രാന്റ് അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2204-00-104-95—<u>ദേശീയവും അന്തർദേശീയവുമായ കായിക മൽസരങ്ങളിൽ വിജയികൾക്ക് പ്രോൽസാഹന സമ്മാനത്തുക</u>

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ച് വരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കായിക വകുപ്പ് മുഖേന സ്കൂൾ കുട്ടികൾക്കായി സ്പ്ലാഷ് (നീന്തൽ പരിശീലനം), കിക്കോഫ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയത് തുടരുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞു. ഈ വർഷം കിക്കോഫ് പദ്ധതിയിൽ പെൺകുട്ടികളെ കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും, സ്പ്ലാഷ്, കിക്കോഫ് എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ പണം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും സ്പ്ലാഷ് പദ്ധതിക്ക് ഏജൻസി മുഖേനയാണ് സ്വിമ്മിംഗ് പൂളുകൾ ബുക്ക് ചെയ്തിരുന്നതെന്നും, കോവിഡായതിനാൽ സ്വിമ്മിംഗ് പൂളുകൾ ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും, സ്വിമ്മിംഗ് പൂൾ ഉപയോഗിക്കുമ്പോൾ രോഗബാധ വരാൻ സാധ്യതയുള്ളതിനാൽ സ്പ്ലാഷ് പദ്ധതി നിർത്തലാക്കാൻ സാധ്യതയുണ്ടെന്നും, കിക്കോഫ് പദ്ധതിയിൽ ആളുകൾ തമ്മിലുള്ള സമ്പർക്കം കുറവായതുകൊണ്ട് പ്രശ്നമില്ലെന്നും കായികയുവജനകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു.

പട്ടാമ്പി കോളേജിൽ അനുവദിച്ച മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം പൂർത്തീകരിക്കാൻ സാധിക്കാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞു. ഇൻഡോർ സ്റ്റേഡിയവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഡയറക്ടർ ഓഫ് കോളീജിയറ്റ് എഡ്യൂക്കേഷനുമായി ചർച്ച നടത്തിയെന്നും സമാന വിഷയം സംസ്കൃത കോളേജിലും നിലനിൽക്കുന്നുണ്ടെന്നും, ഇക്കാര്യം കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുമായി സംസാരിച്ചപ്പോൾ പ്രോജക്ടുകൾ നടപ്പാക്കണമെങ്കിൽ ഗവൺമെന്റ് അംഗീകരിച്ച ധാരണാപത്രത്തിലെ ചില ക്ലോസുകളിൽ ഭേദഗതി വരുത്തണമെന്നാണ് പറയുന്നതെന്നും, ആയതുപ്രകാരം ഭേദഗതി വരുത്തിയ ക്ലോസുകൾ ഗവൺമെന്റിലേക്ക് അയച്ചുവെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും, ചിറ്റൂരിലെ ഗവൺമെന്റ് കോളേജിൽ ഇതേ എഗ്രിമെന്റ് ഒപ്പുവച്ച് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും, കിഫ്ബിയിൽ അംഗീകാരം ലഭിച്ച പ്രോജക്ടായതുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കാമെന്നും കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

മറ്റ് വകുപ്പുകൾ ലഭ്യമാക്കിയതുപോലെ പദ്ധതികളെ സംബന്ധിച്ച വിശദവിവരങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാനായി നൽകണമായിരുന്നുവെന്നും ഓരോ ശീർഷകത്തിലും അധികമായി ലഭിക്കേണ്ട തുക മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അത് ശരിയായ രീതിയല്ലെന്നും എല്ലാ അംഗങ്ങൾക്കും പ്രോജക്ടുകളെ സംബന്ധിച്ച് അറിയണമെന്നും, ബഡ്ജറ്റിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ എല്ലാ പദ്ധതികളെ സംബന്ധിച്ചുമുള്ള വിശദവിവരം നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

ഓരോ നിയോജക മണ്ഡലങ്ങളിലെയും ഗ്രാമീണ മേഖലയിലെ ഗ്രൗണ്ടുകളുടെ നവീകരണം എൽ.എസ്.ജി.ഡി.-യുടെ ഫണ്ട് ഉപയോഗിച്ച് എഞ്ചിനീയറിംഗ് വിഭാഗമാണ് ചെയ്യുന്നതെന്നും കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2204-00-104-91-05-1—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)-ഓഫീസ് ചെലവുകൾ - വെള്ളക്കരം

ഹോസ്റ്റൽ ഉൾപ്പെടുന്ന സ്കൂൾ ആയതിനാൽ ബഡ്ജറ്റ് തുക അപര്യാപ്തമാണ്. ആകയാൽ 19.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അധിക തുക ആവശ്യമായി വരുന്നതിനാൽ 48.064 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## സാംസ്കാരികകാര്യ വകുപ്പ്

2205-00-101-97—കേരള കലാമണ്ഡലം

31—സഹായധനം - ശമ്പളം

പദ്ധതിയേതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനായും യു.ജി.സി. തസ്തികയിലേക്ക് സ്ഥാനകയറ്റം, നിയമനം തുടങ്ങിയവ നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 21.48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

36—സഹായധനം- ശമ്പളേതരം

പദ്ധതിയിന ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ 71.04 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-101-96—ജവഹർ ബാലഭവൻ

31—സഹായധനം - ശമ്പളം

36—സഹായധനം-ശമ്പളേതരം

## ജവഹർ ബാലഭവൻ - തിരുവനന്തപുരം

ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയതുമൂലവും സ്ഥാപനത്തിന്റെ കണ്ടിജൻസി ചെലവുകൾ വർദ്ധിച്ചതിനാലും കുട്ടികൾക്ക് ഗുണപ്രദമായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനും പദ്ധതിയേതരയിനത്തിൽ 1.97646 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ജവഹർ ബാലഭവൻ - തൃശ്ശൂർ

കെട്ടിട അറ്റകുറ്റപ്പണികൾക്ക് 3 വർഷമായി പ്ലാൻ ഫണ്ട് ലഭിക്കാത്തതിനാൽ 25 ലക്ഷം രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണവും കുടിശ്ശികയും നൽകുന്നതിന് 1.0965575 കോടി രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ജവഹർ ബാലഭവൻ - കൊല്ലം

ജീവനക്കാരുടെ ശമ്പളം, ശമ്പള കുടിശ്ശിക എന്നിവ നൽകുന്നതിനും കോവിഡ് 19 പശ്ചാത്തലത്തിൽ വരുമാനം നഷ്ടപ്പെട്ട സാഹചര്യത്തിൽ അടിയന്തര ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 1.74 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

നിലവിൽ ജവഹർ ബാലഭവനുകൾ ഇല്ലാത്ത 10 ജില്ലകളിൽ 50 ലക്ഷം രൂപ വീതം നൽകി ജവഹർ ബാലഭവനുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-98-36—<u>പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം- സഹായധനം - ശമ്പളേതരം</u>

കേരള നിയമസഭയുടെ ആദ്യ സ്പീക്കറും കേരള സാമൂഹ്യ പരിഷ്കരണ രംഗത്ത് സജീവമായി ഇടപെടുകയും കെ.പി.എ.സി.-യുടെ നാടക നിർമ്മിതികളിൽ തനതായ സംഭാവനകൾ നൽകിയ വ്യക്തിയുമായിരുന്ന അന്തരിച്ച ആർ. ശങ്കരനാരായണൻ തമ്പിയുടെ പേരിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതിയിനത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-97-36—<u>കേരള സാഹിത്യ അക്കാദമി ധനസഹായം-സഹായധനം- ശമ്പളേതരം</u>

സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾക്കുവേണ്ടി 2 കോടി രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 1.07 കോടി രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-91-36—കേരള ലളിതകലാ അക്കാദമി- സഹായധനം - ശമ്പളേതരം

ലളിതകലാ അക്കാദമിയിൽ കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണത്തിനും ഗ്യാലറികളുടെയും, ആസ്ഥാനമന്ദിരത്തിന്റെയും നവീകരണത്തിനും, കിളിമാനൂർ രാജാരവിവർമ്മ സ്മാരകനിലയം നിർമ്മാണത്തിനും, ആർട്ടിസ്റ്റ് ഇൻ സ്റ്റുഡിയോ റസിഡൻസി വികസനത്തിനും പദ്ധതിയിനത്തിൽ 1 കോടി രൂപയും സ്ഥിരം/കരാർ/ ദിവസവേതന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾക്കും പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-90-36—കേരള സംഗീത നാടക അക്കാദമി-സഹായധനം- ശമ്പളേതരം

കേരള സംഗീത നാടക അക്കാദമിക്ക് കീഴിൽ ഉടൻ നിർമ്മാണം തുടങ്ങുവാനുള്ള ആർക്കൈവ്സ്, ആർട്ട് ഗ്യാലറി, മ്യൂസിയം, ലൈബ്രറി, സ്റ്റുഡിയോ എന്നിവയുടെ നിർമ്മാണച്ചെലവിന് വേണ്ടി പദ്ധതിയിനത്തിൽ 3 കോടി രൂപയും അന്താരാഷ്ട്ര നാടകോൽസവം സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി 3 കോടി രൂപയും, ജീവനക്കാരുടെ നിയമനം, ശമ്പള പരിഷ്കരണം, വേതനം, അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹന-ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 1.024 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-87-36—നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം-സഹായധനം-ശമ്പളേതരം

2800 കലാകാരന്മാർക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ കലാകാരപെൻഷൻ 2021-22 വർഷത്തേക്ക് നൽകുന്നതിനും 100 ഓളം കലാകാരന്മാർക്ക് പുതുതായി പെൻഷൻ അനുവദിക്കുന്നതിനും പദ്ധതിയേതരയിനത്തിൽ 54 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-86-36—കഥകളി പരിശീലനം - മാർഗി- സഹായധനം- ശമ്പളേതരം

സി.പി.എഫ്. അടസ്ഥാനം കൂടിയാട്ടത്തിന്റെയും കഥകളിയുടെയും പരിപോഷണത്തിനും, കലാകാരന്മാർക്ക് വിദഗ്ധ പരിശീലനത്തിനും, വർണ്ണാഭമായ വേഷവിധാനങ്ങൾ, വാദ്യോപകരണങ്ങൾ, കിരീടം, ആടയാഭരണങ്ങൾ തുടങ്ങിയവയും മറ്റു അനുബന്ധ ചെലവുകൾക്കും വേണ്ടി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-82-36—<u>തിരുവനന്തപുരം ഭാരത് ഭവൻ - സഹായധനം- ശമ്പളേതരം</u>

സർഗ്ഗാത്മകതയുടെ കരുതൽ കൂട്ടായ്മ, മൈക്രോ ഫിലിംഫെസ്റ്റ്, നവോത്ഥാന നാടക സന്ധ്യകൾ, യേശുദാസ് ഡിജിറ്റൽ ലൈബ്രറി എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 4 കോടി രൂപയും പദ്ധതിയേതര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 496.7486 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-80—<u>നാട്ടരങ്ങ്</u>

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് മാതൃകയിൽ നിർമ്മിക്കുന്ന പദ്ധതിക്ക് ഒരു ജില്ലയിൽ ഒരു നാട്ടരങ്ങ് വീതം ആകെ പതിനാല് നാട്ടരങ്ങുകൾ നിർമ്മിക്കുന്നതിന് ഒരു നാട്ടരങ്ങിന് ഇരുപത് ലക്ഷം രൂപ വീതം ആകെ 2 കോടി 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ചെങ്ങന്നൂർ നാട്ടരങ്ങിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനും മറ്റ് ജില്ലകളിൽ കൂടി നാട്ടരങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും 1.80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-79—<u>യുവകലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ്</u>

വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി തുടരുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 1000 യുവ കലാകാരന്മാർക്ക് 10000 രൂപ വീതം ഫെലോഷിപ്പ് നൽകുന്നതിന് പുറമെ 14 ജില്ലാ കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം, യോഗങ്ങൾ സംഘടിപ്പിക്കൽ, പ്രചരണം, കലാമേളകൾ സംഘടിപ്പിക്കൽ കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ കൂടി ഫെല്ലോഷിപ്പ് പദ്ധതി വ്യാപിപ്പിക്കൽ എന്നിവയ്ക്ക് 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-76-36—<u>ഗുരു ഗോപിനാഥ് നടനഗ്രാമം സഹായധനം - ശമ്പളേതരം</u>

ഗുരു ഗോപിനാഥ് നൃത്തമ്യൂസിയത്തെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അടിസ്ഥാന വികസനാവശ്യങ്ങൾക്കും വേണ്ടി 6.7 കോടി രൂപ പദ്ധതിയിനത്തിലും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നൽകുന്നതിനും ഭരണപരമായ ദൈനംദിന ആവശ്യത്തിനും 57.01 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-75—<u>കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്ര മേള</u> &

2205-00-102-66-36—<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി-സഹായധനം-ശമ്പളേതരം</u>

സിഫ്രയിലെ ചലച്ചിത്ര പൈതൃക സംരക്ഷണ പ്രവർത്തനം, ഫെല്ലോഷിപ്പ് & റിസർച്ച്, കലാമൂല്യമുള്ള സിനിമകൾക്കുള്ള സബ്സിഡി, ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചലച്ചിത്ര പഠന പദ്ധതി എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 4 കോടി രൂപയും, സ്ഥിരം/കരാർ/ദിവസവേതന ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി പദ്ധതിയേതര യിനത്തിൽ 75 ലക്ഷം രൂപയും അക്കാദമിയുടെ വിവിധ പരിപാടികൾക്കായി പദ്ധതിയേതരയിനത്തിൽ 1.50 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-74-36—<u>കേരള നാടൻകല അക്കാദമി - സഹായധനം- ശമ്പളേതരം</u>

കേരള നാടൻ കല അക്കാദമിയുടെ ആസ്ഥാനത്ത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന പി. കെ. കാളൻ സ്മാരക മ്യൂസിയത്തിന്റെ പണി പൂർത്തീകരിച്ച ഒന്നാം നിലയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനും, രണ്ടാം നിലയിൽ ഗസ്റ്റ് റൂം പണിയുന്നതിനും, ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും, കലാപരിപാടികൾ സ്പോൺസർ ചെയ്ത് നൽകുന്നതിനും പദ്ധതിയിനത്തിൽ 5 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-72—<u>മ്യൂസിയങ്ങളുടെ വികസനവും നെറ്റ്‌വർക്കിംഗും</u>

സാംസ്കാരികവകുപ്പദ്ധ്യക്ഷകാര്യാലയത്തിന്റെ കീഴിൽ പുതിയൊരു മ്യൂസിയം നിർമ്മിക്കുന്നതിനും നിലവിലുള്ള മ്യൂസിയങ്ങളുടെ ശൃംഖല വികസിപ്പിച്ചെടുക്കുന്നതിനും, മോടിപിടിപ്പിക്കുന്നതിനും ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭൂമി ഏറ്റെടുക്കുന്നതിനുമായി 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും

14 ജില്ലകളിലായി നിലവിലുള്ള 20 പൈതൃക ഗ്രാമങ്ങളെ കൂടാതെ ടി പദ്ധതി ബ്ലോക്ക് തലത്തിലും വില്ലേജ് തലത്തിലും ആരംഭിക്കുന്നതിനും നിലവിലെ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും, വിപണികൾ ആരംഭിക്കുന്നതിനും 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-68-36—വാസ്തു വിദ്യാഗുരുകുലം - സഹായധനം - ശമ്പളേതരം

പുതിയതായി ആരംഭിച്ച തിരുവനന്തപുരം സബ്സെന്ററിന്റെ പ്രവർത്തനം, വാസ്തുശാസ്ത്ര ശിൽപ്പശാല, പ്രദർശനവസ്തുക്കളുടെ നിർമ്മാണം, മൺനിർമ്മിത ഭവനങ്ങളുടെ ഡോക്യുമെന്റേഷൻ എന്നിവ നടത്തുന്നതിന് പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ഇതര ശമ്പളേതര ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-63-36—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി-സഹായധനം-ശമ്പളേതരം

മ്യൂസിയം, ലൈബ്രറി, ഓഡിയോ വിഷ്വൽ ആർക്കൈവ്, ഉദ്യാനം മോടിപിടിപ്പിക്കൽ, പ്രസിദ്ധീകരണം, ഡോക്യുമെന്ററി, ഫെല്ലോഷിപ്പ്, അവധിക്കാല പരിശീലന ക്യാമ്പ്, അനുസ്മരണം/സെമിനാർ, മൊയിൻകുട്ടി വൈദ്യർ അവാർഡ്, മാപ്പിള സാഹിത്യത്തിലെ സ്ത്രീപഠനങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കൽ, മാപ്പിളകലാ പരിശീലന കേന്ദ്രം തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 3.2575 കോടി രൂപയും കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപകേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-55-36—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ - സഹായധനം - ശമ്പളേതരം

മഹാകവി കുമാരാനാശാന്റെ കുടിലിനും എഴുത്തുപുരയ്ക്കും സംരക്ഷിത കവചമൊരുക്കൽ, ചിത്രങ്ങൾ, ശില്പങ്ങൾ, റിലീഫുകൾ പതിക്കൽ, ആശാൻ ഗ്രന്ഥ സൂചി തയ്യാറാക്കൽ, വെബ്സൈറ്റ് പരിഷ്കരിക്കൽ, വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, ആശാൻ കൃതികളുടെ പുനഃപ്രസിദ്ധീകരണവും വിവർത്തനവും, സ്മാരകം, ഗാർഡൻ എന്നിവിടങ്ങളിൽ സോളാർ വിളക്കുകൾ സ്ഥാപിക്കൽ, ലൈബ്രറി നവീകരണം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി പദ്ധതിയിനത്തിൽ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം- ആവർത്തിക്കാത്തത്

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കും തെരഞ്ഞെടുക്കപ്പെട്ട 75000 കലാകാരന്മാർക്കും മുൻവർഷത്തെപ്പോലെ നടപ്പുവർഷവും ധനസഹായം നൽകേണ്ടതിനാൽ 22.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-40-36—വൈലോപ്പിള്ളി സംസ്കൃതി ഭവൻ [വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം] തിരുവനന്തപുരം സഹായധനം-ശമ്പളേതരം

സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, വിവിധ സാംസ്കാരിക പരിപാടികളുടെ സംഘാടനത്തിനും സഹായത്തിനുമായി പദ്ധതിയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-32-36—ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി - സഹായധനം - ശമ്പളേതരം

പഠനഗവേഷണങ്ങൾക്കായി പലഭാഗത്ത് നിന്നും എത്തുന്ന വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും മറ്റ് ഓഫീസ് ആവശ്യത്തിനുമായി പദ്ധതി/പദ്ധതിയേതരയിനങ്ങളിലായി 90.324 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-31-10—കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട് - സംഭാവന

അധികമായുള്ള ഭരണചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 67.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-102-18—കേരള സംസ്കാരത്തിന്റെ വ്യാപനം

കേരളത്തിന്റെ തനത് കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം എന്നിവ ലോകമെമ്പാടുമുള്ള കലാസ്വാദകർക്ക് എത്തിക്കുന്നതിലേക്കായി ഒരു വെർച്വൽ ഓൺലൈൻ കൾച്ചറൽ ഫെസ്റ്റിവെൽ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരികയാണ്. ഇതിലേക്കായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-99-02—പുരാവസ്തു ഗവേഷണ വകുപ്പ് - വേതനം

പി.റ്റി.എസ്. & ദിവസവേതന ജീവനക്കാരുടെ വേതന വർദ്ധനവ് വരുന്നതിനാൽ 1.3086 കോടി രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

04-4—<u>യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം</u>

വകുപ്പിൽ എൽ.റ്റി.സിക്ക് യോഗ്യരായ ഉദ്യോഗസ്ഥരുടെ എണ്ണവുമായി താരതമ്യം ചെയ്തു നോക്കിയാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ 12,000 രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകരുടെ എണ്ണം കൂടിവരുന്നതിനാലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരണം പൂർത്തിയാക്കി സന്ദർശകർക്ക് തുറന്നുകൊടുക്കുന്ന തിനാലും വെള്ളത്തിന്റെ ഉപയോഗം വളരെയേറെ കൂടിയിട്ടുണ്ട്. മാത്രമല്ല പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളിൽ കുടിവെള്ളം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടിയും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആകയാൽ ടി ശീർഷകത്തിൽ 15000 രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2—<u>വൈദ്യുതി ചെലവ്</u>

സംരക്ഷിത സ്മാരകങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ വൈദ്യുതിയുടെ ഉപയോഗം അധികമായി വരുന്നു. ആകയാൽ ടി ശീർഷകത്തിൽ 9 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3—<u>ടെലിഫോൺ ചെലവ്</u>

സംരക്ഷിത സ്മാരകങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ടെലിഫോൺ ഉപയോഗം കൂടുതലായി വരുന്നു. ആകയാൽ ടി ശീർഷകത്തിൽ 71,000 രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

06—<u>വാടക, കരം, നികുതി</u>

വകുപ്പദ്ധ്യക്ഷ്യ കാര്യാലയത്തിലെ വാടകയിൽ വർദ്ധനവ് വന്നതിനാൽ 8 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വാഹനങ്ങളുടെ മെയിന്റനൻസ് ചെലവ് വർദ്ധിക്കുന്നതിനാൽ 54000 രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

34—<u>മറ്റു ചെലവുകൾ - മറ്റിനം</u>

ഓഫീസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ഓഫീസ് ചെലവുകൾ വർദ്ധിക്കുന്നു. ആകയാൽ ടി ശീർഷകത്തിൽ 1 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-98— <u>തൃശ്ശൂരിലെ മ്യൂസിയവും ചിത്രാലയവും</u>

മ്യൂസിയത്തിന്റെ ദൈനംദിന ചെലവുകൾക്കായുള്ള ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-94—<u>മ്യൂസിയം വികസനവും പ്രദർശനതന്ത്രങ്ങളും</u>

മ്യൂസിയങ്ങളുടെ പരിപാലനത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി പദ്ധതിയിനത്തിൽ 1.70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-91— <u>എറണാകുളത്തെ പുരാവസ്തു മ്യൂസിയം</u>

ഹിൽപ്പാലസ് വളപ്പിലെ പൈതൃക നിർമ്മിതികളുടെ സമഗ്ര സംരക്ഷണം, സൗന്ദര്യവൽകരണം എന്നീ പദ്ധതികൾ പൂർത്തികരിക്കുന്നതിലേക്ക് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-90—<u>റീജിയണൽ കൺസർവേഷൻ ലബോറട്ടറി</u>

" Hand-held XRF metre" വാങ്ങുന്നതിനു ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ, നിരവധി പുരാവസ്തുക്കളുടെ രാസസംരക്ഷണം, പ്രാദേശിക പരിരക്ഷണ പരീക്ഷണശാലയുടെ വികസനം, രാസസംരക്ഷണ ജോലികളിൽ യോഗ്യരായവരെ ട്രെയിനികളായി നിയോഗിക്കൽ തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-89—<u>പുരാവസ്തു-കെട്ടിടങ്ങൾ</u>

നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മാരകങ്ങളുടെ അടിയന്തര സംരക്ഷണ ജോലികൾ ഏറ്റെടുക്കുന്നതിനും, കൊട്ടാരങ്ങൾ, കോട്ടകൾ, പുരാതത്വസ്ഥാനങ്ങൾ തുടങ്ങിയവയുടെ സംരക്ഷണ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും, സംരക്ഷിത സ്മാരക പട്ടികയിൽ പുതുതായി ഇടംപിടിക്കുന്ന പൈതൃക നിർമ്മിതികളെ സംരക്ഷിക്കുന്നതിനും,

നിയമം അനുശാസിക്കുംവിധം യോഗ്യമായ പുരാവസ്തു നിർമ്മിതികളെ വിലയ്ക്കുവാങ്ങി വകുപ്പിന്റെ ആസ്തികളോട് ചേർക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പുരാവസ്തു വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിലേക്ക് 30 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-85—പൈതൃക പഠന കേന്ദ്രം

പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 60 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 12.185 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-81-ഫീൽഡ് ആർക്കിയോളജി

പുരാവസ്തുക്കളുടെ ഉത്ഖനനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനും, നിലവിലുള്ള എക്സിബിഷൻ യൂണിറ്റ് നവീകരിക്കുന്നതിനും, മൊബൈൽ എക്സിബിഷൻ യൂണിറ്റ് ആരംഭിക്കുന്നതിനും 50 ലക്ഷം രൂപ  അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-80—ജില്ലാതലത്തിലുള്ള പുരാവസ്തു/പൈതൃക മ്യൂസിയം

തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും നാളിതുവരെ ജില്ലാ പൈതൃക മ്യൂസിയങ്ങൾ ആരംഭിച്ചിട്ടില്ലാത്ത ജില്ലകളിൽ അതിനുള്ള സ്ഥലം കണ്ടെത്തി നടപടികൾ ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഒരു ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട പുരാവസ്തുക്കൾ ശേഖരിച്ച് പ്രദർശിപ്പിക്കുന്ന തരത്തിലാണ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ വിഭാവനം ചെയ്തതെന്നും, ജില്ലകളിലെ പൈതൃക മ്യൂസിയങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞെന്നും, പുതിയ സ്ഥലങ്ങൾ ഏറ്റെടുത്തല്ല പൈതൃകമ്യൂസിയങ്ങൾ ആരംഭിച്ചിരിക്കുന്നതെന്നും, ഇടുക്കിയിൽ ജില്ലാ പഞ്ചായത്ത് അനുവദിച്ച കെട്ടിടത്തിലാണ് മ്യൂസിയം സജ്ജീകരിച്ചതെന്നും, എറണാകുളത്ത് വകുപ്പിന്റെ കൈവശമുള്ള ഫോർട്ട് കൊച്ചിയിലെ ബാസ്റ്റിൻ ബംഗ്ലാവിലാണ് മ്യൂസിയം സജ്ജീകരിച്ചിരിക്കുന്നതെന്നും, പാലക്കാട് കൽപ്പാത്തിയിലുള്ള കെട്ടിടം ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് സജ്ജീകരിച്ചിട്ടുള്ളതെന്നും, ആലപ്പുഴയിൽ പൈതൃക

മ്യൂസിയത്തിന് ഒരേക്കർ സ്ഥലമെങ്കിലും ആവശ്യമാണെന്നും, സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്നും പുരാവസ്തു വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

2205-00-103-77—പുരാവസ്തു പ്രസിദ്ധീകരണങ്ങൾ

വിവിധ സ്ഥലങ്ങളിലെ സംരക്ഷിത സ്മാരകങ്ങളിലും മ്യൂസിയങ്ങളിലും ഇൻഫർമേഷൻ/ പബ്ലിക്കേഷൻ കൗണ്ടറുകൾ സ്ഥാപിക്കുക, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുക, പുനഃസജ്ജീകരിക്കുന്ന മ്യൂസിയങ്ങളിലേക്ക് ഗൈഡ് ബുക്കുകൾ, ബ്രോഷറുകൾ എന്നിവ തയ്യാറാക്കുക, വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച വിദഗ്ധസമിതി നിർദ്ദേശിച്ച പ്രകാരം പ്രസിദ്ധീകരണ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, സന്ദർശകർക്ക് നൽകുന്ന പ്രസിദ്ധീകരണങ്ങൾ തീരുന്നമുറയ്ക്ക് വീണ്ടും അച്ചടിക്കുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-75—കഴിവ് വികസനവും ബോധവൽക്കരണവും

പുരാവസ്തു സംരക്ഷണ ജോലികൾ, മ്യൂസിയങ്ങളുടെ പരിപാലനവും വികസനവും, നവീന സാങ്കേതികവിദ്യയുടെ ഉപയോഗക്രമങ്ങൾ, ഉത്ഖനനം, ലിപി പഠനം, രാസ സംരക്ഷണം, ഘടനാസംരക്ഷണം എന്നീ മേഖലകളിൽ വിജയകരമായ നൂതന സൂക്ഷ്മ രീതികൾ അവലംബിക്കുക, പുരാവസ്തു വകുപ്പിലെ സർവ്വ മേഖലകളിലും കാര്യക്ഷമതയും അറിവും വർദ്ധിപ്പിക്കുന്നതിനായി കാര്യശേഷി വികസന പരിപാടികൾ നടത്തുക, അതിനുവേണ്ട പരിശീലന പരിപാടികൾ ദേശീയ അന്തർദേശീയ തലത്തിൽ ആവിഷ്കരിക്കുക, സംസ്ഥാനത്തിന്റെ പുരാവസ്തു പൈതൃകത്തെയും അതിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് പൊതുജനങ്ങൾക്ക് സംരക്ഷണാവബോധ പരിപാടികൾ നടത്തുക എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-103-74—പുരാവസ്തു വികസന പദ്ധതി

ആർക്കിയോളജിക്കൽ മാന്വൽ, കൺസർവേഷൻ മാന്വൽ എന്നിവ തയ്യാറാക്കുന്നതിന് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും മറ്റുമായി പദ്ധതിയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പുരാരേഖകൾ സൂക്ഷിക്കുക എന്നതാണ് ആർക്കൈവ്സ് വകുപ്പിന്റെ പ്രധാന ജോലിയെന്നും, വകുപ്പിന്റെ കൈവശം 14-ാം നൂറ്റാണ്ട് മുതലുള്ള രേഖകളാണ് സൂക്ഷിച്ചുവച്ചിട്ടുള്ളതെന്നും, ലോകത്തേറ്റവും വലിയ താളിയോല ശേഖരം തിരുവനന്തപുരത്തെ ആർക്കൈവ്സ് വകുപ്പിലുണ്ടെന്നും പുരാരേഖ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കേരളത്തിലെ പുരാവസ്തു/പുരാരേഖ വകുപ്പുകളെല്ലാം ചേർത്ത് മ്യൂസിയം സജ്ജമാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കേരള യൂണിവേഴ്സിറ്റി ക്യാമ്പസിലെ ഒരേക്കർ സ്ഥലത്ത് ഇന്റർനാഷണൽ ആർക്കൈവ്സ് സെന്റർ സ്ഥാപിക്കുന്നതാണെന്നും കെട്ടിടത്തിനുള്ള തുക അനുവദിച്ചിട്ടുണ്ടെന്നും, തിരുവനന്തപുരത്തെ കോട്ടയ്ക്കകത്താണ് ഏറ്റവും പ്രാധാന്യം അർഹിക്കുന്ന മതിലകം രേഖകളും മറ്റ് താളിയോലകളും സൂക്ഷിച്ചിരിക്കുന്നതെന്നും ഈ രേഖകളെല്ലാം ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനായി സെൻട്രൽ ആർക്കൈവ്സിൽ ആർക്കൈവൽ മ്യൂസിയം സ്ഥാപിക്കുന്നതാണെന്നും, പ്രസ്തുത പദ്ധതിക്കായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ആദ്യഘട്ടം ഈ വർഷം തുറക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

25 ഏക്കർ സ്ഥലത്ത് പുരാവസ്തു/പുരാരേഖ വകുപ്പുകളെയെല്ലാം ചേർത്ത് മ്യൂസിയം തയ്യാറാക്കണമെന്നും, അത്തരത്തിലൊരു സ്ഥാപനം തയ്യാറായാൽ ഇപ്പോൾ വരുന്നതിനേക്കാൾ പതിന്മടങ്ങ് ഗവേഷകർ വരുമെന്നും പുരാവസ്തു/പുരാരേഖ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

2205-00-103-73—<u>നാണയശാസ്ത്ര വിംഗിന്റെ സമഗ്ര നവീകരണം</u>

Documentation of coins Under the Department of Archaeology എന്ന പദ്ധതിയുടെ ഭാഗമായി നിയോഗിക്കപ്പെട്ടിട്ടുള്ള വിദഗ്ധ അംഗങ്ങൾ, അനുബന്ധ ജീവനക്കാർ എന്നിവരുടെ വേതനത്തിനും, ബന്ധപ്പെട്ട മറ്റ് പ്രവൃത്തികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ പുരാണനാണയങ്ങൾ സൂക്ഷിക്കുന്നത് കേരള ആർക്കിയോളജി വകുപ്പാണെന്നും പുരാവസ്തു വകുപ്പിന്റെ ആസ്ഥാന മന്ദിരത്തോടും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തോടും ചേർന്നുള്ള ശ്രീപാദം കൊട്ടാരത്തിലെ സ്റ്റോറേജ് റൂമിലാണ് പ്രധാനമായും നാണയങ്ങൾ സൂക്ഷിക്കുന്നതെന്നും ഇപ്പോൾ ശേഖരിച്ചുവച്ചിരിക്കുന്ന നാണയങ്ങൾ ഡോക്യുമെന്റേഷൻ ചെയ്യണമെന്നും സമിതി മുമ്പാകെ പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചു.

2205-00-107-91—<u>എ. കെ. ജി. സ്മാരക മ്യൂസിയം</u>

മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ എ. കെ. ജി. സ്മാരക മ്യൂസിയം പൂർണ്ണതോതിൽ തയ്യാറാക്കുന്നതിലേക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2205-00-107-89—<u>ശ്രീചിത്ര ആർട്ട് ഗ്യാലറി</u>

മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ ലോക പ്രശസ്ത ചിത്രകാരനായ ശ്രീ രാജാരവിവർമ്മയുടെ സ്മരണാർത്ഥം ശ്രീചിത്ര ആർട്ട് ഗ്യാലറിയുടെ നിർമ്മാണം നടത്തുന്നതിനുള്ള തുക, പഴയ ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ പുനഃസംരക്ഷണം, രവിവർമ്മ ആർട്ട് ഗ്യാലറിയുടെ വ്യാഖ്യാനകേന്ദ്രം സജ്ജമാക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4202-04-190-99—<u>കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ</u>

&

2205-00-102-65-33—<u>മലയാളചിത്രങ്ങൾക്കുള്ള സബ്സിഡി - സബ്സിഡികൾ</u>

കെ.എസ്.എഫ്.ഡി.സി. കൊച്ചി, കടവന്ത്രയിൽ നിർമ്മിക്കുവാൻ പോകുന്ന പോസ്റ്റ് പ്രൊഡക്ഷൻ സെന്ററും അതിനോടനുബന്ധിച്ചുള്ള ഔട്ട്ഡോർ ഉപകരണങ്ങൾ വാങ്ങുന്നതിനും, കോർപ്പറേഷന്റെ കലാഭവൻ തിയേറ്റർ ഉൾപ്പെടുന്ന ഹെഡ്ഡാഫീസ് സമുച്ചയം, കൈരളി/ശ്രീ/നിള തിയേറ്റർ തിരുവനന്തപുരം എന്നിവ സാംസ്കാരിക തനിമ നിലനിർത്തി പുനരുദ്ധരിക്കുന്നതിനും, കെ.എസ്.എഫ്.ഡി.സിയുടെ കീഴിൽ ഒ.റ്റി.റ്റി.പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനുമായി 40 കോടി രൂപയുടെ പ്രൊപ്പോസൽ ആണ് കെ.എസ്.എഫ്.ഡി.സി. നൽകിയിരുന്നത്. എന്നാൽ വനിതാ സംവിധായകരുടെ 2 ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുന്നതിനും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകർക്ക് സിനിമ നിർമ്മിക്കുന്നതിന് സഹായിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾക്കായി 13 കോടി രൂപയുമാണ് നീക്കി വച്ചിരിക്കുന്നത്. ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 13 കോടി രൂപ പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കുവാൻ പര്യാപ്തമാകാത്തതിനാൽ പദ്ധതിയിനത്തിൽ 40 കോടി രൂപയും ചിത്രാഞ്ജലി

സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും മുൻവർഷങ്ങളിൽ നിർമ്മിച്ച ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക നൽകുന്നതിനുവേണ്ടിയും പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)-ലെ 143-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സാംസ്കാരിക കാര്യവകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രിക സമിതി അംഗീകരിച്ചു.

(ഫയൽ നം. 1806/സബ്.സി.ഇ 1/2020/നി.സെ.)

[റഫ. നം. 92/ബി3/2021-സാം.കാ.വ. തീയതി 18-6-2021]

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കുറിപ്പുകളോടൊപ്പം, സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക ചേർത്ത് നൽകുന്ന പ്രവണത ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം വൈകുന്നേരം 4.50-ന് പിരിഞ്ഞു.

## 3. 1-7-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ജൂലൈ 1-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു, സമിതിയുടെ പ്രത്യേക ക്ഷണിതാക്കളായ ബഹു. തുറമുഖം, മ്യൂസിയം പുരാവസ്തുസംരക്ഷണം വകുപ്പ് മന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ, (ഗൂഗിൾ മീറ്റ്) ബഹു. കായികം, വഖഫ് ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ (ഗൂഗിൾ മീറ്റ്) എന്നിവരും പങ്കെടുത്തു. താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം. എസ്. അരുൺകുമാർ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. കെ. എം. സച്ചിൻദേവ്
5. ശ്രീ. എ. എൻ. ഷംസീർ
6. ശ്രീ. എം. വിജിൻ.

<u>ഗൂഗിൾ മീറ്റ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1 ശ്രീ. മുഹമ്മദ് മുഹസിൻ

2 ശ്രീ. ഷാഫി പറമ്പിൽ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു. എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ (ഗൂഗിൾ മീറ്റ്)</u> :

1. ഡോ. വി.വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്/ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

2. ശ്രീ. എ. ആർ. ഉദയകുമാർ, അണ്ടർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

സമിതി, 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I **ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്**

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് .

[ഫയൽ നം.1806/സബ്.സി.ഇ 1/2020/നി.സെ.]

24, 25, 33, 34, 42, 44, 63, 65, 93 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫ.നം. 15-4-2021-ലെ എഫ് 2/143/2020/ഉ.വി.വ.)

(റഫ.നം. 1-1-2021-ലെ എ 1/178/2020/ഉ.വി.വ.)

(റഫ.നം. 20-5-2021-ലെ എ 2/197/2020/ഉ.വി.വ, എ 2/196/2020/ഉ.വി.വ.)

157-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫ.നം. 20-4-2021-ലെ എഫ്. ആർ.ഒ/22/2020/പ്ലാനിംഗ്)

**II. കരട് റിപ്പോർട്ടുകളുടെ പരിഗണന**

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും 32-ാം ഖണ്ഡികയിലെ ശിപാർശയോടൊപ്പം 'സ്പെഷ്യൽ സ്കൂളുകളിലെ പഠിതാക്കൾക്ക് സ്കൂളുകളിൽ ലഭ്യമായിരുന്ന ഫിസിയോ തെറാപ്പി സേവനം വീടുകളിലും ലഭ്യമാക്കുന്നതിന് ശക്തമായി ശിപാർശ ചെയ്യുന്നു' എന്നതും കൂടിചേർക്കണമെന്നും നിർദ്ദേശിച്ചു.

പ്രസ്തുത ഭേദഗതിയോടുകൂടി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

[ഫയൽ നം.9144/സബ്.സി.ഇ 1/2021/നി.സെ.]

III. 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നം.7575/സബ്.സി.ഇ 1/2021/നി.സെ.]

IV. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)ലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നം.1806/സബ്.സി.ഇ 1/2020/നി.സെ.]

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 4. 26-7-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ജൂലൈ 26-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം വൈകുന്നേരം 4.25-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ് - ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് - ഒഫീഷ്യോ അംഗമായ ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും, താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.
5. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
6. ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു:

1. ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്.

സമിതി കരട് ചട്ടം, എസ്.ആർ.ഒ., വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രികകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**I. കരട് ചട്ടം**

1. Kerala Education (Amendment) Rules, 2021

(ഫ. നം. 4184/സബ്. സി. ഇ 1/2021/നി.സെ.)

(റഫ. നം. ജെ1/38/2018/പൊ.വി.വ.; തീയതി 19-2-2021, 10-3-2021.)

ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയായ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ പ്രസ്തുത കരട് ചട്ടം സമിതിയുടെ മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റി വെച്ചു.

2. Kerala Collegiate Education Service (Amendment) Special Rules, 2021.

(ഫ. നം. 7305/സബ്. സി. ഇ 1/2021/നി.സെ.)

(റഫ. നം. എഫ്1/43/2019/ഉ. വി. വ.; തീയതി 31-3-2021)

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ലക്ചറർ തസ്തികകൾക്കുള്ള നിയമനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷിക്കാർക്കും മറ്റ് പിന്നാക്കവിഭാഗങ്ങൾക്കും മറ്റ് യോഗ്യതകളോടൊപ്പം ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദത്തിന് 5 ശതമാനം മാർക്ക് ഇളവ് അനുവദിച്ചുകൊണ്ട് 13-4-2018-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭ്യമായതിനുശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പ് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സമിതിക്ക് സമർപ്പിക്കുന്നുവെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യസ വകുപ്പ സമിതിയെ ബോധിപ്പിച്ചു.

കരട് ചട്ടത്തിലെ Short title and Commencement (2)-ൽ " They shall come into force with effect from 13-4-2018" എന്നതിനു പകരം " These rules shall be deemed to have come into force with effect from the 13th day of April 2018" എന്ന് ചേർക്കണമെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത മാറ്റം വരുത്താൻ സമിതി നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ ഭേദഗതിയോടുകൂടി കരട് ചട്ടം സമിതി അംഗീകരിച്ചു.

## II. SRO സാധൂകരണം

SRO No. 18/2021.

Kerala Right Of Children to Free and Compulsory Education (Amendment) Rules, 2021.

(ഫ. നം. 2332/സബ്.സി.ഇ 1/2021/നി.സെ.)

(റഫ. നം. ജെ1/66/2019/പൊ.വി.വ. തീയതി 1-2-2021)

സമിതി ചെയർമാനായ ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി അസാന്നിദ്ധ്യത്തിൽ ടി SRO-യുടെ പരിഗണന മാറ്റിവച്ചു.

**III. ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റുകൾ**

(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) തുടർ നടപടികൾ സംബന്ധിച്ച്.

(ഫ. നം. 1718/സബ്.സി.ഇ 1/2018/നി.സെ.)

ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 49, 60, 63-66, 68, 69, 90-92 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകളും 84-87 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള അധികവിവരവും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫ.നം. HEDN-L1/111/2018-HEDN തീയതി 13-2-2021)

(റഫ. നം. ജെ1/179/2018/ഉ.വി. വ., തീയതി 4-3-21)

(റഫ. നം. ജെ1/178/2018/ഉ.വി.വ. തീയതി 7-5-21)

(റഫ. നം. സി2/131/2018/ഉ.വി.വ. തീയതി 12-2-21)

(2) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20) തുടർനടപടികൾ സംബന്ധിച്ച്

(ഫ. നം. 3340/സബ്.സി.ഇ 1/2019/നി.സെ.)

ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 43-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫ. നം. ജെ1/283/2019/ഉ.വി.വ. തീയതി 7-5-21)

(3) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21) തുടർ നടപടികൾ സംബന്ധിച്ച്.

(ഫ. നം. 1806/സബ്.സി.ഇ 1/2020/നി.സെ.)

കായിക യുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 147-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(റഫ. നം. ബി1/88/20/കാ.യു.വ., തീയതി 9-7-2021)

യോഗം വൈകുന്നേരം 4.45-ന് പിരിഞ്ഞു.

## 5. 7-10-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ഒക്ടോബർ 7-ാം തീയതി, വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. മുഹമ്മദ് മുഹസിൻ
4. ശ്രീ. കെ. എം. സച്ചിൻദേവ്
5. ശ്രീ. ഷാഫി പറമ്പിൽ
6. ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. വിജയകുമാർ ആർ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

സമിതി, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) [2-ാം നമ്പർ] ബിൽ എന്നിവ പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

I 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause 2*

In clause 2, which proposes to amend the Kerala University Act, 1974,-

(1) in clause (12B) proposed to be inserted in section 2 of the Act, the words "of an Autonomous College" shall be omitted.

(2) in section 65A proposed to be inserted in the Act, in the marginal heading and in sub-sections (1), (2), and (3), the words "of an Autonomous College" shall be omitted.

(3) for clause (q) the following shall be substituted, namely:—

"(q) in section 69L,—

(i) in the marginal heading and in the section, for the words "Governing Council" the words "Governing Body" shall be substituted;

(ii) for item (v) and proviso the following item shall be substituted, namely:—

"(v) to issue migration certificate and provisional degree certificate with the approval or concurrence of the University.".

*Clause 3*

In clause 3, which proposes to amend the Calicut University Act, 1975,—

(1) in clause (12B) proposed to be inserted in section 2 of the Act, the words " of an Autonomous College" shall be omitted.

(2) in section 65A proposed to be inserted in the Act, in the marginal heading and in sub-sections (1), (2), and (3), the words "of an Autonomous College" shall be omitted.

(3) for clause (q) the following shall be substituted, namely:—

"(q) in section 68 M,—

(i) in the marginal heading and in the section, for the words "Governing Council" the words "Governing Body" shall be substituted;

(ii) for item (v) and proviso the following item shall be substituted, namely:-

(v) to issue migration certificate and provisional degree certificate with the approval or concurrence of the University.".

*Clause 4*

In clause 4, which proposes to amend the Mahatma Gandhi University Act, 1985,—

(1) in clause (12 B) proposed to be inserted in section 2 of the Act, the words "of an Autonomous College" shall be omitted.

(2) in section 69 A proposed to be inserted in the Act, in the marginal heading and in sub-sections (1), (2), and (3), the words "of an Autonomous College" shall be omitted.

(3) for clause (q) the following shall be substituted, namely:—

"(q) in section 114,—

(i) in the marginal heading and in the section, for the words "Governing Council" the words "Governing Body"shall be substituted;

(ii) for item (v) and proviso the following item shall be substituted, namely :—

(v) to issue migration certificate and provisional degree certificate with the approval or concurrence of the University.".

*Clause 5*

In clause 5, which proposes to amend the Sree Sankaracharya University of Sanskrit Act, 1994, in section 15 A proposed to be inserted in the Act, in sub-section (1), items (b) and (c) shall be relettered as items (c) and (d) respectively and after the existing item (a), the following item shall be inserted, namely:—

(b) The Vice-Chancellor-Member;"

*Clause 6*

In clause 6, which proposes to amend the Kannur University Act, 1996,—

(1) in clause (xiiB) proposed to be inserted in section 2 of the Act, the words "of an Autonomous College" shall be omitted.

(2) in section 72A proposed to be inserted in the Act, in the marginal heading and in sub-sections (1), (2) and (3), the words "of an Autonomous College" shall be omitted.

(3) for clause (q) the following shall be substituted, namely:—

"(q) in section 74L,—

(i) in the marginal heading and in the section, for the words "Governing Council"the words "Governing Body" shall be substituted;

(ii) for item (v) and proviso the following item shall be substituted, namely:—

(v) to issue migration certificate and provisional degree certificate with the approval or concurrence of the University.".

(4) in section 74LD proposed to be inserted in the Act, in sub-section (4), for the words "the finalised minutes to all members by registered post or by electronic means"the words "to the members" shall be substituted;

*Clause 7*

In clause 7, which proposes to amend the National University of Advanced Legal Studies Act, 2005, in section 16A proposed to be inserted in the Act, in sub-section (1), items (b) and (c) shall be relettered as items (c) and (d) respectively and after the existing item (a), the following item shall be inserted, namely:—

"(b) The Vice-Chancellor-Member;"

II. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) [2-ാം നമ്പർ] ബിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

മേല്പറഞ്ഞ ബില്ലുകളിന്മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. ഷാഫി പറമ്പിൽ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

# 6. 11-10-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ഒക്ടോബർ 11-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 5.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.
5. ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. വിജയകുമാർ ആർ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

സമിതി, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## 2-ാം ഖണ്ഡം

ഖണ്ഡം 2(ജി) യിൽ "സർവ്വകലാശാലയും" എന്ന വാക്കിനു മുമ്പ് "അതത്"എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>3-ാം ഖണ്ഡം</u>

3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ "അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും" എന്നീ വാക്കുകൾക്കു പകരം "അവശ്യ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>4-ാം ഖണ്ഡം</u>

4-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡത്തിൽ "അദ്ധ്യാപക-അനദ്ധ്യാപക" എന്നീ വാക്കുകൾക്കു പകരം "അവശ്യ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപഖണ്ഡത്തിൽ "എയ്ഡഡ്" എന്ന വാക്കിനുപകരം "സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) 3-ാം ഉപഖണ്ഡത്തിൽ "എയ്ഡഡ്" എന്ന വാക്കിനു പകരം "സർക്കാരുമായി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>5-ാം ഖണ്ഡം</u>

5-ാം ഖണ്ഡത്തിൽ "സിൻഡിക്കേറ്റ് " എന്ന വാക്കിനു പകരം "വൈസ്-ചാൻസലർ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

<u>8-ാം ഖണ്ഡം</u>

8-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം (v)-ാം ഇനത്തിൽ "ഇന്റേണൽ കമ്മിറ്റി" എന്ന വാക്കുകൾക്കു പകരം "ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 6 മണിക്ക് പിരിഞ്ഞു.

# 7. 28-10-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിന് ശേഷം രാത്രി 10 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. കെ. എം. സച്ചിൻദേവ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ പി.എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ നിയമ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. അനിൽകുമാർ എസ്. വി., ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

സമിതി, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി ഇല്ലാതെ അംഗീകരിക്കുകയും ചെയ്തു.

ബില്ലിന്മേൽ പ്രൊഫസർ ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 10.15-ന് പിരിഞ്ഞു.

# 8. 24-11-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2021 ഒക്ടോബർ 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യ നീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എം. എസ്. അരുൺകുമാർ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. കെ. എം. സച്ചിൻദേവ്
4. ശ്രീ. എം. വിജിൻ.

വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. മുഹമ്മദ് മുഹസ്സിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. സന്തോഷ്കുമാർ. എസ്. ആർ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
3. ശ്രീ. കെ. ജനാർദ്ദനൻ, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
4. ശ്രീമതി ഇന്ദുകല പി., അഡീഷണൽ ലോ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീമതി സരിത ഡി., ജോയിന്റ് സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ്.
6. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്).

7. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാസ് ഓഫീസർ, പി.ഡബ്ല്യൂ.ഡി (ബിൽഡിംഗ്സ്)

8. ശ്രീ. ആർ. ഗിരീശൻ അക്കൗണ്ട്സ് ഓഫീസർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്.

വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ:

ശ്രീ. ജീവൻ ബാബു., ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്.

യോഗത്തിൽ, പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട കരടുചട്ടം, എസ്.ആർ.ഒ., ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ എന്നിവ പരിശോധിച്ച സമിതി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

## I. കരട് ചട്ടത്തിന്റെ പരിഗണന

1) The Kerala Education (Amendment) Rules, 2021

(ഫ. നം. 4184/സബ്. സി. ഇ 1/2021/നി.സെ.)

(റഫ. നം. ജെ$_1$/38/2018/പൊ.വി.വ.; തീയതി 19-2-2021, 10-3-2021.)

സമിതി കരടുചട്ടത്തിലെ വ്യവസ്ഥകളിന്മേൽ ഉദ്യോഗസ്ഥതല വിശദീകരണം ആരാഞ്ഞു.

എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം നിയമനാംഗീകാരം എന്നിവയും അവയുടെ അപ്പീൽ, റിവിഷൻ എന്നിവയും 'സമന്വയ' വെബ്പോർട്ടൽ വഴിയാക്കുന്നതിനും, ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചുകൊണ്ടുമുള്ള ഭേദഗതിയാണ് നിർദ്ദിഷ്ട കരടു ചട്ടത്തിലേതെന്ന് അഡീഷനൽ ലോ സെക്രട്ടറി ആമുഖമായി സമിതിയെ ധരിപ്പിച്ചു.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുതുക്കി നിശ്ചയിച്ചുകൊണ്ട് അദ്ധ്യാപകരെ നിയമിക്കുവാനും അപ്രകാരമുള്ള നിയമനത്തിന്റെ അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കി ക്കൊണ്ടുമാണ് ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്ന തെന്നും അത് സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമാണെന്നും അതിനെ തുടർന്ന് സംസാരിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രധാനമായും തസ്തിക നിർണ്ണയം സംബന്ധിച്ചുള്ള ഭേദഗതിയാണ് നിർദ്ദിഷ്ട കരടുചട്ടത്തിലേതെന്നും അതിൻപ്രകാരം അധിക തസ്തികകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 'സമന്വയ' പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയതായും തത്ഫലമായി വ്യാജ അഡ്മിഷനുകൾ സൃഷ്ടിച്ചുകൊണ്ടും ഡിവിഷൻ ഫാൾ ഒഴിവാക്കിയും അനർഹമായി അധിക ഡിവിഷനുകൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യം

ഇല്ലാതാകുമെന്നും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മാത്രമല്ല, വ്യാജ അഡ്മിഷനിലൂടെയും കൃത്രിമ ഹാജർനിലയിലൂടെയും തസ്തിക നിലനിർത്തുകയോ പുതുതായി സൃഷ്ടിക്കുകയോ ചെയ്യതായി കണ്ടെത്തിയാൽ അതിനുത്തരവാദികളായവരിൽ നിന്നും നഷ്ടം ഈടാക്കുന്നതുൾപ്പെടെയുള്ള വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കരട് ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള സൂപ്പർ ചെക്ക് വിഭാഗത്തിന്റെ പരിശോധനാ വേളയിൽ പ്രാദേശിക സവിശേഷതകളാലോ അവിചാരിതമായ മറ്റു കാരണങ്ങളാലോ ഏതാനും കുട്ടികൾ ഹാജരാകാതിരുന്നാൽ അത് ഡിവിഷൻ ഫാൾ ആയി മാറിയേക്കാം എന്ന ആശങ്ക സമിതി പരിശോധിച്ചു. എന്നാൽ, സൂപ്പർ ചെക്ക് വിഭാഗത്തിന്റെ പരിശോധനയിൽ ആശങ്കപ്പെടേണ്ടതില്ലെന്നും ഉത്സവങ്ങളും പ്രാദേശിക അവധികളും പ്രകൃതിക്ഷോഭങ്ങളും ഉൾപ്പെടെ എല്ലാ വിധത്തിലുമുള്ള പ്രാദേശിക സവിശേഷതകളും അസാധാരണ സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് മാത്രമേ അത്തരം പരിശോധനകൾ നിർവഹിക്കപ്പെടുകയുള്ളുവെന്ന് പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി. കൂടാതെ സൂപ്പർ ചെക്ക് വിഭാഗത്തിന്റെ വിപരീത കണ്ടെത്തലുകൾക്കെതിരെ വിവിധ തലങ്ങളിൽ അപ്പീൽ നൽകി പ്രശ്നപരിഹാരം കണ്ടെത്താനുള്ള വ്യവസ്ഥകളിലും സമിതി യോജിപ്പ് പ്രകടിപ്പിച്ചു.

വിശകലനാനന്തരം ഭേദഗതി വ്യവസ്ഥകൾ ഉൾപ്പെട്ട നിർദ്ദിഷ്ട കരട് ചട്ടം ഭേദഗതികൾ കൂടാതെ സമിതി അംഗീകരിച്ചു.

## II. SRO സാധൂകരണം

SRO No. 18/2021. 5-1-2021

The Kerala Right Of Children to Free and Compulsory Education (Amendment) Rules, 2021.

പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിനായി വിദ്യാഭ്യാസാവകാശ ചട്ടങ്ങളിൽ നിശ്ചയിച്ചിരുന്ന ടെസ്റ്റ് യോഗ്യതാ മാനദണ്ഡങ്ങൾ മൂലം ആയിരത്തി ഇരുന്നൂറോളം ഹെഡ്മാസ്റ്റർ തസ്തികകൾ ഒഴിഞ്ഞുകിടന്ന സാഹചര്യം സമിതി സഗൗരവം വിലയിരുത്തി. പ്രധാനാദ്ധ്യാപകരുടെ പ്രൊമോഷൻ യോഗ്യതകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന ഇളവുകൾ പുനഃസ്ഥാപിച്ചുകൊണ്ട് മുൻകാലപ്രാബല്യത്തോടെ ചട്ടങ്ങളിൽ ഭേദഗതി വരുത്താമെന്ന അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് എസ്. ആർ. ഒ. പുറപ്പെടുവിച്ചിരിക്കുന്നതെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. അഡ്വക്കേറ്റ് ജനറലിൽ നിന്നും സമാന്തരമായി ലഭിച്ച മറ്റൊരു നിയമോപദേശപ്രകാരം സർക്കാർ സ്കൂളുകളിൽ മാത്രം, കെ. എസ്. & എസ്. എസ്. ആർ ചട്ടം 31(a)(1) പ്രകാരം സീനിയോറിറ്റിയുടെ

അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ അനുവദിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നൽകിയ നിർദ്ദേശം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നതായും എന്നാൽ ടി സ്റ്റേ ബഹു. ഹൈക്കോടതി നീക്കം ചെയ്തിട്ടുള്ളതായും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ചർച്ചയ്ക്കുശേഷം എസ്. ആർ. ഒ. സമിതി സാധൂകരിച്ചു.

തുടർന്ന്, ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രറികളുടെ അഭാവം സമിതി വിലയിരുത്തി. മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികൾ ലൈബ്രറിയുടെ അഭാവത്തിൽ ലൈബ്രറി സൗകര്യമുള്ള സ്വകാര്യ കോച്ചിംഗ് സെന്ററുകളെ ആശ്രയിക്കുന്നതായി സമിതി നിരീക്ഷിച്ചു.

ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ പുതുതായി സൃഷ്ടിക്കാനുദ്ദേശിക്കുന്നില്ലെങ്കിലും തസ്തികകൾ റീ ഫിക്സ് ചെയ്തശേഷം ക്ലാർക്ക് തസ്തികയിൽ നിന്നും യോഗ്യരായവരെ തസ്തികമാറ്റത്തിലൂടെ ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻമാരായി നിയമിക്കാനാകുമെന്നും ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ഒന്നാം ഘട്ടം നടപ്പിലാക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണെന്നും ആ വിധമുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നും 2022 ഏപ്രിൽ മുപ്പതിനകം അവ പൂർത്തീകരിക്കേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ, 'വായനയുടെ വസന്തം' പദ്ധതിയുടെ ആനുകൂല്യം നാളിതുവരെ ലഭിച്ചിട്ടില്ലാത്ത സ്കൂളുകൾക്കായി, ടി പദ്ധതിയിൽ അനുവദിച്ചിട്ടുള്ള പത്ത് കോടി രൂപ വിനിയോഗിച്ച് ലൈബ്രറി സൗകര്യം സൃഷ്ടിക്കാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

## III. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

1. ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) (ഫ. നം. 1718/സബ്.സി.ഇ 1/2018/നി.സെ.)

(റഫ. നം. ജെ₃/167/2018/ഉ.വി.വ., തീയതി 29-07-2021)

റിപ്പോർട്ടിലെ 58-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച നടപടിപത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫ. നം. 3340/സബ്.സി.ഇ 1/2019/നി.സെ)

(റഫ. നം. (1) 33/B2/2020/കാ.യു.വ. തീയതി 19-7-2021)

(റഫ. നം. (2) 100/B2/2021/കാ.യു.വ. തീയതി 18-8-2021)

(ഫ. നം. (3) 410/പി2/2021/പൊ.വി.വ. തീയതി 27-8-2021)

റിപ്പോർട്ടിലെ ഖണ്ഡിക 118, 119, 120 എന്നിവയിലെ ശിപാർശകളിന്മേൽ കായിക യുവജനകാര്യ വകുപ്പും 1 മുതൽ 20 വരെയും 50 മുതൽ 55 വരെയുമുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പും സമർപ്പിച്ച നടപടി പത്രികകൾ, അവ സംബന്ധിച്ച കാലതാമസപത്രികൾക്കൊപ്പം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)

(ഫ. നം. 1806/സബ്.സി.ഇ 1/2020/നി.സെ)

(റഫ. നം. (1) ജി2/112/2020/ഉ.വി.വ തീയതി 9-9-2021

(2) എ 1/210/2020/ഉ.വി.വ തീയതി 18-9-2021

(3) ബി1/175/2021/ഉ.വി.വ തീയതി 10-8-2021

(4) 127/എ 3/2020/സി.എൽ.എ.ഡി, തീയതി 27-10-2021

(5) ഇ 3/310/2020/പൊ.മ.വ, തീയതി 2-11-2021

റിപ്പോർട്ടിലെ 26 മുതൽ 32 വരെയും, 39, 45, 50, 51, 56, 57, 87, 88, 89, 92, 95 എന്നീ ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പും, 90, 91-നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പൊതുമരാമത്ത് വകുപ്പും, 96 മുതൽ 144 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാംസ്കാരികാര്യ വകുപ്പും, 146-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ കായിക യുവജനകാര്യ വകുപ്പും സമർപ്പിച്ച നടപടി പത്രികകളും അവ സംബന്ധിച്ച കാലതാമസ പത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## IV. വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകളുടെ പരിശോധന

1. കായിക യുവജനകാര്യ വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക.

(ഫയൽ നം. 86/സബ്.സി.ഇ 1/2019/നി.സെ)

(റഫ. നം. ബി2/42/19/കാ.യു.വ തീയതി. 13-8-2021)

വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ (2018-19) സമർപ്പണത്തിലുണ്ടായ കാലതാമസം സംബന്ധിച്ച് കായിക യുവജനകാര്യ വകുപ്പ് സമർപ്പിച്ച കാലതാമസപത്രിക സമിതി അംഗീകരിച്ചു.

2. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസപത്രിക.

(ഫയൽ നം. 247/സബ്.സി.ഇ 1/2020/നി.സെ)

(റഫ. നം. പി2/402/2020/പൊ.വി.വ തീയതി 27-8-2021)

വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ (2019-20) സമർപ്പണത്തിലുണ്ടായ കാലതാമസം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച കാലതാമസപത്രിക സമിതി അംഗീകരിച്ചു.

## V. സമിതി പരിഗണിച്ച മറ്റു വിഷയങ്ങൾ

1. 2016-17, 2017-18 വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ സമർപ്പണം.

   (ഫയൽ നം. (1) 490/സബ്.സി.ഇ 1/17/നി.സെ)

   (ഫയൽ നം. (2) 45/സബ്.സി.ഇ 1/18/നി.സെ)

   (റഫ. നം. 33/ബി3/2018/സാം.കാ.വ തീയതി. 23-11-2021)

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണെന്ന് അറിയിച്ചുകൊണ്ട് സാംസ്കാരികകാര്യ അഡീഷണൽ സെക്രട്ടറി സമിതിക്ക് സമർപ്പിച്ച മറുപടി പരിഗണിച്ച സമിതി, റിപ്പോർട്ടുകൾ അവയുടെ കാലതാമസ പത്രികകൾക്കൊപ്പം അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകി.

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2018-19) 136 -ാം നമ്പർ ഖണ്ഡികയിൻമേലുള്ള നടപടി പത്രിക.

   (ഫയൽ നം. 1718/സബ്.സി.ഇ 1/2018/നി.സെ.)

ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിശോധിച്ച സമിതി, നടപടി സ്റ്റേറ്റ്മെന്റ് നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി യോഗ്യരായ ഉദ്യോഗസ്ഥരുടെ കയ്യൊപ്പോടെ സമിതിയിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകി.

3. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ഖണ്ഡികകൾ 21, 23, 29 എന്നിവ സംബന്ധിച്ച തുടർനടപടി.

(ഫയൽ നം. 3958/സബ്.സി.ഇ 1/2015/നി.സെ)

(റഫ. നം.(1) 45928/യു3/15/പൊ.വി.വ തീയതി. 16-2-2016

(2) എൻ2/386/2021/പൊ.വി.വ. തീയതി. 23-11-2021)

റിപ്പോർട്ടിലെ ഖണ്ഡിക 21, 23 എന്നിവയിലെ ശിപാർശ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഉച്ചഭക്ഷണ പദ്ധതി ഹയർസെക്കന്ററി തലത്തിൽ കൂടി വ്യാപിപ്പിക്കണമെന്ന റിപ്പോർട്ടിലെ 29-ാം നമ്പർ ഖണ്ഡികയിലെ ശിപാർശ, സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കപ്പെടേണ്ടതാണെന്നും അപ്രകാരമുള്ള പരിശോധനകൾക്കുശേഷം അതു സംബന്ധിച്ച നടപടിപത്രിക ആവശ്യപ്പെടാമെന്നും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.10-ന് അവസാനിച്ചു.

## 9. 14-3-2022-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2022 മാർച്ച് 14-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 5.55-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുമായ ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന സമിതി അംഗങ്ങളും പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. എം. എസ്. അരുൺ കുമാർ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. മുഹമ്മദ് മുഹസിൻ
5. ശ്രീ. കെ. എം. സച്ചിൻദേവ്
6. ശ്രീ. എം. വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇന്ദുകല പി., അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീ. സന്തോഷ് കുമാർ എസ്. ആർ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
3. ശ്രീ. അനിൽകുമാർ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
4. ശ്രീ. ജനാർദ്ദനൻ, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
5. ശ്രീ. ഇ. ദിനേശൻ, ഡയറക്ടർ, പുരാവസ്തു വകുപ്പ്.

സമിതി, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) കരട് ചട്ടം, സമിതിയുടെ 2, 3, 5 എന്നീ നമ്പർ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണിക്കുകയും സമിതിയിൽ സമർപ്പിക്കാൻ കുടിശ്ശികയായുള്ള ചട്ടങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I സമിതിയിൽ സമർപ്പിക്കാൻ കുടിശ്ശികയായുള്ള ചട്ടങ്ങളുടെ നിർമ്മാണപുരോഗതി സംബന്ധിച്ച പരിശോധന

ചട്ടങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്

(ഫയൽ നം. 3308/സബ്.സി ഇ 1/2019/നി.സെ.)

യൂണിവേഴ്സിറ്റി നിയമങ്ങൾക്കനുസൃതമായി ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള വിശദീകരണം നൽകുവാൻ സമിതി നിയമ വകുപ്പിനോട് ആവശ്യപ്പെട്ടു.

യൂണിവേഴ്സിറ്റി ആക്ടുകളിൽ സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ്/റെഗുലേഷൻസ് മുഖേനയാണ് യൂണിവേഴ്സിറ്റികൾ എല്ലാ കാര്യങ്ങളും ചെയ്യുന്നതെന്നും ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സർവ്വകലാശാലകൾക്കും ഗവൺമെന്റിനും അധികാരമുണ്ടെന്നും ഗവൺമെന്റ് ആണ് ചട്ടങ്ങൾ ചമയ്ക്കുന്നതെങ്കിൽ അത് വിജ്ഞാപനം മൂലം പുറപ്പെടുവിക്കുകയും സഭയിൽ സമർപ്പിക്കുകയും വേണമെന്നും യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ അവരുടെ സ്റ്റാറ്റ്യൂട്ട് മുഖേനയാണ് നടത്തിവരുന്നതെന്നും സ്റ്റാറ്റ്യൂട്ടുകൾക്ക് പകരമല്ല ചട്ടങ്ങളെന്നും അവ രണ്ടാണെന്നും അഡീഷണൽ ലോ സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു.

ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരം സർക്കാരിനാണോ യൂണിവേഴ്സിറ്റിക്കാണോ എന്നതിനെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് മറുപടിയായി, ആക്ടിന് വിരുദ്ധമല്ലാത്ത രീതിയിൽ റൂൾസ് നിർമ്മിക്കുന്നതിന് യൂണിവേഴ്സിറ്റിക്ക് അധികാരമുണ്ടെന്നും സെനറ്റാണ് അതിന് അംഗീകാരം നൽകേണ്ടതെന്നും കേരള/കാലിക്കറ്റ് യൂണിവേഴ്സിറ്റികൾക്ക് അതിനുള്ള അധികാരം കൊടുത്തതായിട്ടാണ് ആക്ടിൽ കാണുന്നതെന്നും എല്ലാ യൂണിവേഴ്സിറ്റികളും ഈ നിയമം തന്നെയാണ് പിൻതുടരുന്നതെന്നും അഡീഷണൽ ലോ സെക്രട്ടറി വെളിപ്പെടുത്തി.

(i) The University Laws (Amendment) Act, 2019

(ഫയൽ നം. 498/സബ്.സി. ഇ 1/2020/നി.സെ.)

(ii) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) [2-ാം നമ്പർ] ആക്ട്

(ഫയൽ നം. 794/സബ്.സി. ഇ 1/2015/നി.സെ.)

**(iii) The University Laws (Third Amendment) Act, 2014 (ഫയൽ നം. 1103/സബ്.സി. ഇ 1/2015/നി.സെ.)**

മേൽ സൂചിപ്പിച്ച നിയമങ്ങൾക്കനുസൃതമായി സർക്കാർ തലത്തിൽ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ടോ എന്നതിനെ സംബന്ധിച്ച വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, 2019-ലെ The University Laws (Amendment) Act-ൽ പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ, രജിസ്ട്രാർ എന്നിവരുടെ സർവ്വീസ് സംബന്ധിച്ച ടേംസ് ആന്റ് കണ്ടീഷൻസ് സ്റ്റാറ്റ്യൂട്ടുകളായോ റെഗുലേഷനുകളായോ നിർവ്വഹിക്കേണ്ടതാണെന്ന് പറയുന്നുണ്ടെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ചട്ടങ്ങൾ ചമയ്ക്കുന്നതിനുള്ള അധികാരം പൂർണ്ണമായും സർവ്വകലാശാലകളിൽ കേന്ദ്രീകൃതമായാൽ സമൂഹത്തിന്റെ പൊതുതാല്പര്യം കണക്കിലെടുത്ത് ഒരു കാര്യവും വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന് ചെയ്യാൻ കഴിയാതെ വരില്ലേ എന്ന ആശങ്ക സമിതി പ്രകടിപ്പിച്ചു. എം. ജി. യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് പരിശോധിച്ചാൽ അത് ഒരു തരത്തിലുള്ള ജനാധിപത്യ ഇടപെടലും നടത്താൻ കഴിയാത്തതാണെന്ന് മനസ്സിലാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. അങ്ങനെയെങ്കിൽ 2014 ലെയും 2019 ലെയും സർവ്വകലാശാല നിയമങ്ങളിൽ അമെന്റ്മെന്റുകൾ കൊണ്ടുവരേണ്ടിവരുമെന്നും സ്റ്റാറ്റ്യൂട്ടുകളിലും ഒരു അഴിച്ചുപണി നടത്തേണ്ടിവരുമെന്നും അഡീഷണൽ ലോ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാകുന്നതരത്തിൽ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് കഴിയുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട സർവ്വകലാശാലകളുടെ നിർദ്ദേശങ്ങൾ സമാഹരിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിലിന് സമർപ്പിക്കുകയും ഭേദഗതികളുടെ കരട് ചട്ടം സർക്കാർ പരിശോധിച്ച് വരികയാണെന്നുള്ള മറുപടിയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചതെന്നുമുള്ള വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഉന്നതവിദ്യാഭ്യാസ കൗൺസിലുമായി ചർച്ച ചെയ്ത് എത്രയും വേഗം ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ പല തരത്തിലുള്ള നിയമങ്ങൾ വേണോ അതോ ഒരു ഏകീകരണം വേണോ എന്നുള്ളത് ഗവൺമെന്റിന് ആലോചിക്കാവുന്ന കാര്യമാണെന്നും ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും റിപ്പോർട്ട് ലഭ്യമായതിന് ശേഷം തീരുമാനിക്കാമെന്നും സമിതി കൂട്ടിച്ചേർത്തു.

**പുരാവസ്തു വകുപ്പിന്റെ സ്പെഷ്യൽ റൂളുകൾ ഭേദഗതി വരുത്തി ലഭ്യമാക്കാത്തത് സംബന്ധിച്ച്**

(ഫയൽ നം. 6562/സബ്.സി ഇ 1/2014/നി.സെ.)

പുരാവസ്തു വകുപ്പിലെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച കരട് ചട്ടം ലഭ്യമാക്കാനും പുരാവസ്തു വകുപ്പിൽ നിയമനം ഏത് അനുപാതത്തിലാണ് നടക്കുന്നതെന്നും സമിതി ആരാഞ്ഞതിന് മറുപടിയായി, നിലവിലുള്ള റൂൾസിന്റെ ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്നും പുരാവസ്തു വകുപ്പിന്റെ സമഗ്രമായ മാറ്റത്തിനായി നിയോഗിച്ച ഒരു വിദഗ്ധ സമിതിയുടെ നിർദ്ദേശം കണക്കിലെടുത്ത് റിപ്പോർട്ട് നൽകാൻ പി.എസ്.സിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും പുരാവസ്തു വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2000-ൽ നിലവിൽ വന്ന ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ നിയമനങ്ങൾ നടക്കുന്നതെന്നും 75 ശതമാനം പ്രൊമോഷനും 25 ശതമാനം ഡയറക്ട് റിക്രൂട്ട്മെന്റും നിർദ്ദേശിച്ചുകൊണ്ടുള്ള കരട് ചട്ടം സബ്ജക്ട് കമ്മിറ്റി മുൻപാകെ സമർപ്പിച്ചപ്പോൾ അനുപാതത്തിൽ 50 : 50 എന്ന് മാറ്റം വരുത്തണമെന്ന് നിർദ്ദേശിക്കുകയും അത് പി.എസ്.സിക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, സമിതി മുൻപാകെ വെളിപ്പെടുത്തി.

ശ്രീ. പി. കെ. മൈക്കിൾ തരകൻ കമ്മിറ്റി റിപ്പോർട്ടിൽ നിയമനം സംബന്ധിച്ച അനുപാതം പറയുന്നുണ്ടോയെന്നും എല്ലാ തസ്തികകളിലേക്കും നേരിട്ടുള്ള നിയമനമാണോ നിർദ്ദേശിച്ചിരിക്കുന്നതെന്നും സമിതി ആരാഞ്ഞപ്പോൾ, അതിൽ നിയമനം സംബന്ധിച്ച അനുപാതം പറഞ്ഞിട്ടില്ലെന്നും പുരാവസ്തു വകുപ്പിൽ വളരെ കുറച്ച് തസ്തികകളെയുള്ളൂവെന്നും പ്രൊമോഷൻ/ബൈട്രാൻസ്ഫർ വഴി നടക്കുന്ന നിയമനങ്ങളിൽ എല്ലാ സ്ഥലത്തേക്കും ഒരു ജീവനക്കാരന് പ്രൊമോഷൻ കൊടുക്കാവുന്ന സാധ്യതകളാണ് നിലവിലുള്ളതെന്നും ഡിപ്പാർട്ട്മെന്റിനെ നാല് മേഖലകളായി തിരിച്ചുകൊണ്ട് ആ നാല് മേഖലകളെയും പ്രത്യേകമായി ഫ്രെയിം ചെയ്യുന്ന വിധത്തിൽ വിദ്യാഭ്യാസ യോഗ്യതയും പ്രൊമോഷൻ ചാനലുകളും ഡയറക്ട് റിക്രൂട്ട്മെന്റിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു സമീപനമെടുക്കണ മെന്നാണ് എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശമെന്നും നേരിട്ടുള്ള നിയമനവും പ്രൊമോഷൻ വഴിയുള്ള നിയമനവും നിലവിലുള്ള റൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും പ്രൊമോഷൻ ചാനലുകളും വിഷയാധിഷ്ഠിതമായി മാറ്റണമെന്നാണ് വിദഗ്ധസമിതി നിർദ്ദേശിച്ചിരിക്കുന്നതെന്നും വൈദഗ്ധ്യമുള്ള മേഖലകളിൽ ജീവനക്കാർക്ക് പ്രൊമോഷൻ നൽകാൻ കഴിയുന്ന വിധത്തിൽ ക്രമീകരിക്കണമെന്നതാണ് പ്രധാനപ്പെട്ട നിർദ്ദേശമെന്നും സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

'ആർക്കിയോളജി' സംബന്ധിച്ച യോഗ്യതകൾ ആവശ്യമുള്ള തസ്തികകൾക്ക് ആയത് വ്യക്തമാക്കിതന്നെ നിയമനനടപടികൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച അടിയന്തര റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഡയറക്ടറോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭ്യമാക്കിയിട്ടില്ലെന്ന് കണ്ടെത്തിയ സമിതി

റിപ്പോർട്ട് ലഭ്യമാക്കാത്തത് ഗുരുതര വീഴ്ചയാണെന്ന് വിലയിരുത്തുകയും ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പി.എസ്.സി. നിർദ്ദേശിച്ച മാറ്റങ്ങൾ സ്പെഷ്യൽ റൂളിൽ വരുത്തിയ ശേഷമാണ് എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതെന്നും അവരുടെ നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിക്കേണ്ടിവന്നതിനാലാണ് കാലതാമസമുണ്ടാകുന്നതെന്നും പുരാവസ്തു വകുപ്പ് ഡയറക്ടറും പി.എസ്.സിയുടെ അംഗീകാരത്തിന് ശേഷം സ്പെഷ്യൽ റൂൾ ഇഷ്യൂ ചെയ്യാവുന്നതാണെന്നും നിരവധി നടപടിക്രമങ്ങളിലൂടെ തയ്യാറാക്കുന്ന സ്പെഷ്യൽ റൂൾസിൽ വീണ്ടും ഭേദഗതി വരുത്തുകയെന്നത് പ്രയാസമുള്ളതുകൊണ്ടാണ് വിദഗ്ധ കമ്മിറ്റിയുടെ നിർദ്ദേശം കൂടി കണക്കിലെടുക്കുന്നതെന്ന് ഉന്നതവിദ്യാഭ്യാസ അഡീഷണൽ സെക്രട്ടറിയും സമിതി മുൻപാകെ വ്യക്തമാക്കി.

വളരെ വൈദഗ്ധ്യം ആവശ്യമുള്ള മേഖലയാണിതെന്നും മാനുഷിക പരിഗണന കൊടുക്കേണ്ടതാണെങ്കിലും അതിന് വ്യക്തമായ മാനദണ്ഡം സ്വീകരിക്കേണ്ടതാണെന്നും പി.എസ്.സി.യുമായി കൂടിയാലോചിച്ചശേഷം ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ഉദ്യോഗസ്ഥതലത്തിൽ നിർദ്ദേശം നൽകി.

## II കരട് ചട്ടം

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ചട്ടങ്ങൾ

(ഫയൽ നം. 316/സബ്.സി ഇ 1/2015/നി.സെ.)

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ചട്ടങ്ങളുടെ കരട് വിജ്ഞാപനം താഴെപ്പറയുന്ന ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

(i) ഖണ്ഡം 2-ലെ 'നിർവ്വചനങ്ങൾ' എന്ന ശീർഷകത്തിൽ (1)-ലെ 'ആവശ്യപ്പെടാത്തവയല്ല' എന്നതിന് പകരം 'ആവശ്യപ്പെടാത്തപക്ഷം' എന്ന് ചേർക്കുക.

(ii) ഖണ്ഡം 4-ലെ 'കമ്മീഷനുമായി കൂടിയാലോചന ആവശ്യമില്ലാത്ത കാര്യങ്ങൾ' എന്ന ശീർഷകത്തിലെ (2)-ൽ അവസാന ഖണ്ഡികയിൽ 'ചട്ടത്തിൻ കീഴിൽ നേരിട്ടുള്ള നിയമന പ്രകാരം' എന്നതിന് പകരം 'ചട്ടപ്രകാരം' എന്ന് ചേർക്കുക.

തസ്തികയുടെ രൂപീകരണവും പേരും സർക്കാരിന്റെ തീരുമാനപ്രകാരമുള്ള കാര്യങ്ങളാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

III **ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്**

(i) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18)

(ഫയൽ നം. 1925/സബ്.സി. ഇ 1/2017/നി.സെ.)

[കെ3/109/2017/ഉ.വി.വ. തീയതി 13-1-2022]

റിപ്പോർട്ടിലെ 60-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച നടപടിപത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ 70-ാം നമ്പർ ഖണ്ഡികയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേൽ ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് വകുപ്പിനോട് അധികവിവര റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

(ii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)

(ഫയൽ നം. 1718/സബ്.സി. ഇ 1/2018/നി.സെ.)

[സി2/77/2021/ഉ.വി.വ. തീയതി 10-2-2022]

റിപ്പോർട്ടിലെ 136-ാം നമ്പർ ഖണ്ഡികയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച നടപടി പത്രികയും കാലതാമസ പത്രികയും സമിതി അംഗീകരിച്ചു.

(iii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)

(ഫയൽ നം. 1806/സബ്.സി. ഇ 1/2020/നി.സെ.)

(1) [സി1/184/2020/HEDN തീയതി 18-12-2021]

(2)[K2/92/2020 ഉ.വി.വ. തീയതി 7-1-2022]

റിപ്പോർട്ടിലെ 35, 36, 38, 58 എന്നീ നമ്പർ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച നടപടി പത്രികയും കാലതാമസ പത്രികയും സമിതി അംഗീകരിച്ചു.

IV **വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം നേരിട്ടത് സംബന്ധിച്ച വിശദീകരണ പത്രിക**

(ഫയൽ നം. 247/സബ്.സി. ഇ 1/2020/നി.സെ.)

[പി1/46/2020/ഉ.വി.വ. തീയതി 23-11-2021]

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം നേരിട്ടത് സംബന്ധിച്ച വിശദീകരണ പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 6.50-ന് പിരിഞ്ഞു.